കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# അടാട്ട് ഗ്രാമപഞ്ചായത്ത്

2017-18

# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ
e-mail id : dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ.(പി3)1671/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ - 680 020
Ph.No. 0487 – 2331249
e-mail Id : dotsr.ksad@kerala.gov.in
തിയ്യതി : 28.11.2018

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

അടാട്ട് ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം:- അടാട്ട് ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*****

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അടാട്ട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ ഖണ്ഡിക 2(1), 2(3), 2(4) ഭാഗം 3 ലെ ഖണ്ഡിക 3(1), 3(4) എന്നിവയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ.(പി3)1671/2018 തീയ്യതി : 28.11.2018

## തൃശ്ശൂർ ജില്ലയിലെ അടാട്ട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ അടാട്ട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 08-09-2017 മുതൽ 06-09-2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ് , അവയുടെ ഒടുക്ക് 2017-18 വർഷത്തിൽ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | സുനിൽകുമാർ.കെ.വി.<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 08-10-18 മുതൽ<br>17-10-18 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ലത.എം.എൻ.<br>ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| | പ്രശാന്ത്.ടി.ജി.<br>അസി.ഓഡിറ്റ് ഓഫീസർ |
| | ചൈതന്യ പുരുഷോത്തമൻ<br>അസി.ഓഡിറ്റ് ഓഫീസർ |
| | സുനിൽ.പി.ബി.<br>അസി.ഓഡിറ്റ് ഓഫീസർ |

| | |
|---|---|
| | സ്റ്റാൻലി.പി.എസ്.<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | രേഖ.ഇ.സി.<br>ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | കാലയളവ് | പേര് | |
|---|---|---|---|
| പ്രസിഡന്റ് | 01/04/2017 മുതൽ 31/03/2018 വരെ | ശ്രീ.വി.ഒ.ചുമ്മാർ | |
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | 01/04/2017 മുതൽ 31/03/2018 വരെ | ശ്രീമതി.ഷൈലജ ശ്രീനിവാസൻ | |
| ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | 01/04/2017 മുതൽ 31/03/2018 വരെ | ശ്രീമതി.ശോഭ ജയദാസൻ | |
| വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | 01/04/2017 മുതൽ 31/03/2018 വരെ | ശ്രീ.സി.ആർ.രാധാകൃഷ്ണൻ | |
| ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | 01/04/2017 മുതൽ 31/03/2018 വരെ | ശ്രീ.കെ.പി.സുനിൽകുമാർ | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് | ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം |
| സെക്രട്ടറി | ശ്രീ.ലിൻസ് ഡേവിസ്.വി. | 01/04/2017 - 21/12/2017 | ജില്ലാ കോർഡിനേറ്റർ ലൈഫ് മിഷൻ തൃശ്ശൂർ |
| | ശ്രീ.മാറ്റ്ലി.എം.സി, അസിസ്റ്റന്റ് സെക്രട്ടറി (സെക്രട്ടറി ഇൻ ചാർജ്) | 22/12/2017- 31/12/2017 | അസിസ്റ്റന്റ് സെക്രട്ടറി, അടാട്ട് ഗ്രാമ പഞ്ചായത്ത് |
| | ശ്രീമതി.പങ്കജം.എ.എം. | 01/01/2018- 31/03/2018 | സർവ്വീസിൽ നിന്നും വിരമിച്ചു |

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരു വിവരം

| | | | |
|---|---|---|---|
| കൃഷി ഓഫീസർ | ആതിര മോഹൻ | 01-04-2017 മുതൽ 28.08.2017 വരെ | ലഭ്യമല്ല |
| | സ്മിത ഫ്രാൻസിസ് | 29.08.2017 മുതൽ 31.03.2018 വരെ | കൃഷി ഓഫീസർ, അടാട്ട് ഗ്രാമ പഞ്ചായത്ത് |
| അസിസ്റ്റന്റ് എഞ്ചിനീയർ | കെ ആർ രശ്മി | 01-04.2017 മുതൽ 27.05.2017 വരെ | അസിസ്റ്റന്റ് എഞ്ചിനീയർ മുള്ളൂർക്കര ഗ്രാമ പഞ്ചായത്ത് |
| | സിജി ജോസ് | 28.05.2017 മുതൽ 31.10.2017 വരെ | അസിസ്റ്റന്റ് എഞ്ചിനീയർ ചളവറ ആനങ്ങാടി ഗ്രാമ പഞ്ചായത്ത്, പാലക്കാട് |
| | റെനി സെബാസ്റ്റ്യൻ | 01.11.2017 മുതൽ 10.11.2017 വരെ | അസിസ്റ്റന്റ് എഞ്ചിനീയർ തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്ത്, ആലപ്പുഴ |
| | സുജന കെ വി (അഡീഷണൽ ചാർജ്ജ്) | 11.11.2017 മുതൽ 13.11.2017 വരെ | അസിസ്റ്റന്റ് എഞ്ചിനീയർ കോലഴി ഗ്രാമ പഞ്ചായത്ത് |
| | രാജീവ് കെ കെ (അഡീഷണൽ ചാർജ്ജ്) | 14.11.2017 മുതൽ 31.03.2018 വരെ | അസിസ്റ്റന്റ് എഞ്ചിനീയർ മുളങ്കുന്നത്തുകാവ് ഗ്രാമ പഞ്ചായത്ത് |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | സൈമൺ ടി ചുങ്കത്ത് | 01-04-2017 മുതൽ 31-03-2018 വരെ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി അടാട്ട് ഗ്രാമപഞ്ചായത്ത് |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ബ്ലെസി പോൾ | 01-04-2017 മുതൽ 31-03-2018 വരെ | മെഡിക്കൽ ഓഫീസർ ഹോമിയോ, പോത്തൻകോട് ഗ്രാമപഞ്ചായത്ത് തിരുവനന്തപുരം |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ധന്യ എം കെ | 01-04-2017 മുതൽ 31-03-2018 വരെ | മെഡിക്കൽ ഓഫീസർ ആയുർവേദം അടാട്ട് ഗ്രാമപഞ്ചായത്ത് |
| വെറ്ററിനറി സർജൻ | രാധികാശ്യാം | 01-04-2017 മുതൽ 31-03-2018 വരെ | വെറ്ററിനറി സർജൻ അടാട്ട് ഗ്രാമപഞ്ചായത്ത് |
| പ്രധാന അദ്ധ്യാപിക | ലൗലി വർഗ്ഗീസ് | 01.04.2017 മുതൽ 31.03.2018 | പ്രധാന അദ്ധ്യാപിക മോഡൽ ഗേൾസ് |

| | | | |
|---|---|---|---|
| | | വരെ | എൽ.പി.എസ്. തൃശ്ശൂർ |
| വി.ഇ.ഒ ( പുഴയ്ക്കൽ സർക്കിൾ) | ബിന്ദു | 01-04-17 മുതൽ 03-02-18 & 15-03-18 മുതൽ 31-03-18 വരെ | വി.ഇ.ഒ അടാട്ട് ഗ്രാമപഞ്ചായത്ത് |
| | ഷീന | 04-02-18 മുതൽ 14-03-18 വരെ | വി.ഇ.ഒ കോലഴി ഗ്രാമപഞ്ചായത്ത് |
| വി.ഇ.ഒ (ചിറ്റിലപ്പിള്ളി സർക്കിൾ) | സിന്ധു | 01-04-17 മുതൽ 02-01-18 വരെ | |
| | രേഖ.എം.ആർ. | 03-01-18 മുതൽ 05-01-18 വരെ | വി.ഇ.ഒ കൈപ്പറമ്പ് ഗ്രാമപഞ്ചായത്ത് |
| | പ്രസൂൺ പവിത്രൻ | 06-01-18 മുതൽ 31-03-18 വരെ | വി.ഇ.ഒ തോളൂർ ഗ്രാമപഞ്ചായത്ത് |
| അസിസ്റ്റന്റ് സെക്രട്ടറി | മാറ്റ്ലി എം സി | 01.04.17 മുതൽ 31.03.2018 വരെ | അസിസ്റ്റന്റ് സെക്രട്ടറി അടാട്ട് ഗ്രാമപഞ്ചായത്ത് |
| ഐ.സി.ഡി. എസ് സൂപ്പർവൈസർ | ഡോണ വിജയൻ | 01.04.17 മുതൽ 31.03.2018 വരെ | ഐ.സി.ഡി. എസ് സൂപ്പർവൈസർ അടാട്ട് ഗ്രാമപഞ്ചായത്ത് |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ഗിരിജ.എസ്.കെ. | 01.04.17 മുതൽ 26-07-17 വരെ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ പുഴയ്ക്കൽ |
| | സുസ്മിത.കെ.എസ്. | 27/07/17 മുതൽ 06-12-17 വരെ | ഡി.എഫ്.ഐ. പെരുങ്കവിള ബ്ലോക്ക് |
| | റിച്ചാർഡ് ജോർജ്ജ് | 07-12-17 മുതൽ 07-03-18 വരെ | ടെക്ക്നിക്കൽ സൂപ്രണ്ട്, മിൽമ രാമവർമ്മപുരം |
| | സുഷമ.സി.വി. | 08-03-18 മുതൽ 31.03.2018 വരെ | ഡി.എഫ്.ഐ. പുഴയ്ക്കൽ ബ്ലോക്ക് |

ഉള്ളടക്കം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം – 1 | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | 2017-18 വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ | 1-12 |
| | ഭാഗം – 2 വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 13 | തൊഴിൽ നികുതി - നിയമപരമായി അടയ്ക്കാൻ ബാദ്ധ്യസ്ഥരായ എല്ലാവരെയും ഡിമാന്റിൽ ഉൾപ്പെടുത്തേണ്ടതാണ്. | 2-1 |
| 14 | വാടക - എല്ലാ കടമുറികളും ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല | 2-2 |
| 15 | രേഖകളുടെ അഭാവത്തിൽ വസ്തുനികുതി വരവ് പരിശോധിക്കുന്നതിനായില്ല | 2-3 |
| 16 | അനധികൃത കെട്ടിടനിർമ്മാണം- വസ്തു നികുതി ഓഡിറ്റ് വർഷത്തിലും ഈടാക്കിയില്ല | 2-4 |
| 17 | വിമുക്ത ഭടൻമാർക്ക് നികുതി ഒഴിവാക്കി നല്കൽ സർക്കാർ ഉത്തരവിലെ വ്യവസ്ഥ പാലിച്ചിട്ടില്ല | 2-5 |
| 18 | ഡി&ഒ. ലൈസൻസ് ഡിമാന്റിൽ കൃത്യതയില്ല | 2-6 |
| 19 | സ്വകാര്യ ആശുപത്രികളുടെയും, പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ | 2-7 |
| 20 | അറ്റകുറ്റപ്പണികൾക്കായി പൊളിച്ചുമാറ്റിയ മര/ഇരുമ്പ് സാധനങ്ങൾ ലേലം ചെയ്തില്ല, പഞ്ചായത്തിന് നഷ്ടം. | 2-8 |
| 21 | ടെണ്ടർ ഫീ പഞ്ചായത്തിനു ലഭ്യമാക്കേണ്ടതാണ് | 2-9 |
| | ഭാഗം-3 ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 22 | സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായ മരാമത്ത് പ്രവൃത്തികൾ-സർക്കാർ | 3-1 |

| | | |
|---|---|---|
| | മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല | |
| 23 | വിനിയോഗ സാക്ഷ്യപത്രം ,കൈപ്പറ്റരസീതി എന്നിവ ഹാജരാക്കിയിട്ടില്ല. ചെലവുതുക തടസ്സപ്പെടുത്തുന്നു | 3-2 |
| 24 | പദ്ധതി പൂർത്തീകരിച്ചിട്ടില്ല-കാരണം വിശദീകരിക്കേണ്ടതാണ്.-28437 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 3-3 |
| 25 | രേഖകൾ ഹാജരാക്കിയിട്ടില്ല-799207രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-4 |
| 26 | കന്നുകുട്ടി പരിപാലന പദ്ധതി-പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ് | 3-5 |
| 27 | മരാമത്തു പ്രവൃത്തികൾ ഒരു അവലോകനം | 3-6 |
| 28 | വീട് വാസയോഗ്യമാക്കൽ പദ്ധതി- എസ്റ്റിമേറ്റും വാല്യുവേഷനും തമ്മിൽ പൊരുത്തക്കേടില്ലാതിരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ് | 3-7 |
| 29 | വയോജനക്ഷേമപദ്ധതികൾ - പദ്ധതിമാർഗ്ഗരേഖാനുസരണം നടപ്പിലാക്കേണ്ടതാണ്. | 3-8 |
| 30 | ഭവനനിർമ്മാണപദ്ധതികൾ പ്രകാരമുള്ള നിർമ്മാണ/പൂർത്തീകരണപദ്ധതികളിലും പഞ്ചായത്ത് ബിൽഡിംഗ് റൂൾസ് പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 3-9 |
| 31 | സിഡ്കോയിൽ നിന്നും അനുവദനീയമല്ലാത്ത ഫർണ്ണിച്ചർ ടെണ്ടർ നടപടികൾ കൂടാതെ വാങ്ങി | 3-10 |
| 32 | പെയിൻ & പാലിയേറ്റിവ് പദ്ധതി- മരുന്നുകൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ് | 3-11 |
| 33 | സാംസ്കാരിക നിലയങ്ങളിലേയ്ക്ക് കസേരകൾ - മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി സമാന പ്രവർത്തികൾ വിവിധ മൂന്ന് പ്രോജക്ടുകളായി വിഭജിച്ച് നടപ്പിലാക്കി. | 3-12 |
| 34 | പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കൂൾ ബാഗ് വാങ്ങിനൽകൽ - ഗുണഭോക്താക്കളുടെ പേരുവിവരം ലഭ്യമാക്കിയിട്ടില്ല | 3-13 |
| 35 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്-ടോപ്പ് വാങ്ങിനല്കൽ വിദ്യാർത്ഥികളുടെ ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല | 3-14 |
| | ഭാഗം – 4 | |
| 36 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 37 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4-2 |

| | | |
|---|---|---|
| 38 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 39 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 40 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 41 | ഓഡിറ്റ് റിക്കവറി | 4-6 |
| 42 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 43 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 44 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 45 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-10 |
| 46 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം – 1 |
| 47 | ഓഡിറ്റ് സംക്ഷിപ്തം | അനുബന്ധം –2 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| | |
|---|---|
| തീരുമാന നമ്പർ | 1 |
| തിയതി | 24/03/2017 |
| വരവ് | 120646000.00 |
| ചെലവ് | 128669000.00 |
| പുതുക്കിയ തീയതി | 06/02/2018 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2018 | 31-05-2018 | - | - |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 22-06-2018 | കെ.എസ്.എ.ടി.എസ്.ആർ (ഇ3)1150/18(6) തീയതി 11.07.18/31.08.18 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 22354391.90 |
| വരവ് | 67903073.00 |
| ആകെ | 90257464.90 |
| ചെലവ് | 59739193.00 |
| നീക്കിയിരിപ്പ് | 30518271.90 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ലാപ്സായ തുക/ നീക്കിയിരിപ്പ് തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 13503000 | 13503000 | 10510640 | 2992360 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 7674310 | 7674310 | 7674310 | 0 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 2998 | 2998 | 1900 | 1098 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 3522000 | 3522000 | 2259419 | 1262581 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 3762000 | 3762000 | 2524680 | 1237320 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 6340975 | 6340975 | 5534583 | 806392 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | 0 | 847451 | 847451 | 846615 | 836 |
| സാക്ഷരത | | 40244 | 1552 | 41796 | 0 | 41796 |
| ദുരിതാശ്വാസനിധി | | 5876 | 32020 | 37896 | 25000 | 12896 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 7352032 | 7352032 | 7352032 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 19363 | 833550 | 852913 | 850480 | 2433 |
| | മെറ്റീരിയൽ | 0 | 3733498 | 3733498 | 3733498 | 0 |
| | ആകെ | 19363 | 11919080 | 11938443 | 11936010 | 2433 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക)എസ്.എസ്.എ | | 572852 | 19918 | 592770 | 41912 | 550858 |
| ഐ.സി.ഡി.എസ്(കേന്ദ്ര വിഹിതം) | | 435586 | 605701 | 1041287 | 435586 | 605701 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക)320300199 RSBY | | 2854 | 2410 | 5264 | 0 | 5264 |
| Subsidy to fishfarmers | | 10620 | 6330 | 16950 | 0 | 16950 |
| Vimukthy | | 25000. | 12500 | 37500 | 5150 | 32350 |
| Sayamprabha(fund to pakalveedu ) | | 0 | 280000 | 280000 | 0 | 280000 |
| Total | | 38474 | 301240 | 339714 | 5150 | 334564 |
| 320400199-Jaiva krishi Award | | 200000 | 0 | 200000 | 0 | 200000 |
| 320500101-P.N.Panikkar Award | | 100000 | 0 | 100000 | 0 | 100000 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 1288400 | 724200 | 2012600 | 705209 | 1307391 |
| | ജില്ലാ പഞ്ചായത്ത് | 1350000 | 1475000 | 2825000 | 1456265 | 1368735 |
| Unemployment allowance | | 0 | 42600 | 42600 | 42600 | 0 |
| Fn.help for Widow's daughter's marriage | | 0 | 300000 | 300000 | 300000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| Incentive to MGNREGS workers | | 0 | 142000 | 142000 | 142000 | 0 |
| Production Icentive to Paddy growers | | 0 | 977000 | 977000 | 977000 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 7455534 | 10043000 | 17498534 | 7521478 | 9977056 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 11385860.90 | | | | 16954089.90 |
| | ട്രഷറി അക്കൗണ്ട് | 7455534.00 | | | | 9977056.00 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 156 | 67503505 | 112 | 42210362 | 3 | 41 | 72% |

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽതുക | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 10 | 10 | 9115823 | 6364480 | 69.82 |
| വെറ്ററിനറി സർജൻ | 2 | 2 | 1550000 | 612500 | 39.52 |
| മെഡിക്കൽ ഓഫീസർ (പി എച്ച് സി) | 6 | 1 | 1355000 | 1284706 | 94.81 |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | 1 | 1 | 100000 | 100000 | 100 |
| മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 1 | 1 | 900000 | 900000 | 100 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 4 | 4 | 8800000 | 5016990 | 57.01 |
| ഐസിഡിഎസ് സൂപ്പർവൈസർ | 5 | 5 | 3888104 | 2344200 | 92.9 |
| സെക്രട്ടറി,അടാട്ട് ഗ്രാമപഞ്ചായത്ത് | 43 | 43 | 15958242 | 8743592 | 54.79 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 73 | 42 | 20986835 | 10982499 | 52.33 |
| ഹെഡ്മാസ്റ്റർ,ഗവൺമെന്റ് യു പി സ്കൂൾ | 1 | 1 | 1100000 | 891000 | 81 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 600000 | 581265 | 96.88 |
| അസിസ്റ്റന്റ് സെക്രട്ടറി | 9 | 9 | 3149501 | 3121191 | 99.1 |

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 7352032 | 7352032 | 7352032 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 19363 | 833550 | 852913 | 850480 | 2433 |
| മെറ്റീരിയൽ | 0 | 3733498 | 3733498 | 3733498 | 0 |
| ആകെ | 19363 | 11919080 | 11938443 | 11936010 | 2433 |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 42600 | 80 |
| കർഷകതൊഴിലാളി പെൻഷൻ | 6333900 | 616 |
| വിധവാപെൻഷൻ | 12278200 | 1130 |
| വാർദ്ധക്യകാലപെൻഷൻ | 21328000 | 1917 |
| വികലാംഗപെൻഷൻ | 3264900 | 298 |
| അവിവാഹിത പെൻഷൻ | 2926200 | 270 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 300000 | 10 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09-10--2018ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ₹56,333/-ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്ത് പൗരാവകാശ രേഖ കാലികമായി പരിഷ്കരിച്ച് പ്രസിദ്ധീകരിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിന്റെ എല്ലാ ആസ്തികളും അതിൽ ഉണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല. കൂടാതെ പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ അതിന്റെ യഥാർത്ഥ മൂല്യത്തോടെ ഉൾപ്പെടുത്തിയിട്ടില്ല. നിലവിലുള്ള ആസ്തികളിൽ നടത്തുന്ന കൂട്ടിച്ചേർക്കലുകൾ, കുറവുകൾ എന്നിവയും ചേർക്കുന്നില്ല. പഞ്ചായത്ത് ഓഡിറ്റ് വർഷം പ്രവൃത്തി നടത്തിയ പല റോഡുകളുടെ പേരുവിവരങ്ങളും ആസ്തി രജിസ്റ്ററിൽ കാണാനായില്ല. സ്റ്റോക്ക് ആന്റ് സ്റ്റോഴ്സ്, മറ്റു വിലപ്പെട്ട രേഖകൾ എന്നിവക്ക് ഇൻഷൂറൻസ് പരിരക്ഷ ഇല്ല.

പ്രതിമാസം സ്റ്റാഫ് മീറ്റിംഗ് വിളിച്ചു ചേർക്കുന്നുണ്ടെങ്കിലും ഓഫീസ് തീരുമാനങ്ങൾ നടപ്പിലാക്കുന്നുണ്ടോ എന്ന് മേലുദ്യോഗസ്ഥരും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും പരിശോധിച്ച് ഉറപ്പു വരുത്തുന്നതായി കാണുന്നില്ല. ജീവനക്കാരുടെ ചുമതലകൾ വ്യക്തമാക്കുന്ന ഓഫീസ് ഉത്തരവ് സെക്രട്ടറി പുറപ്പെടുവിക്കുന്നുണ്ട്. ജീവനക്കാർ പേഴ്സണൽ രജിസ്റ്റർ, റണ്ണിംഗ് നോട്ട് എന്നിവ എഴുതി സൂക്ഷിക്കുന്നില്ല. സൂചിക വഴിയുള്ള നിയന്ത്രണമാണ്

നടപ്പിലുള്ളത്. ഫ്രണ്ട് ഓഫീസ് ഡയറി, പരാതി രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നുണ്ട്, ഫ്രണ്ട് ഓഫീസിൽ ഹെൽപ്പ് ഡസ്ക്ക് സംവിധാനം ഒരുക്കിയിട്ടുണ്ട്.

ഇ-ടെണ്ടർ സമ്പ്രദായത്തിലൂടെ മരാമത്ത് പ്രവൃത്തികൾക്ക് കരാർ നൽകുമ്പോൾ ജില്ലാ പഞ്ചായത്ത് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യപ്പെട്ട തുക പഞ്ചായത്തിന് തിരികെ ലഭിക്കുവാൻ വേണ്ട നടപടിയെടുക്കേണ്ടതാണ്.
ലൈഫ് മിഷന് വേണ്ടി ഭവന നിധി രൂപീകരിച്ചിട്ടില്ല
ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടേയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ, ഗ്രാമ സഭകൾ എന്നിവയുടെയും യോഗങ്ങൾ നിയമത്തിലും, ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം കൂടുന്നുണ്ട്. യോഗത്തിന്റെ മിനിറ്റ്സുകൾ, ഗ്രാമ സഭ മിനിറ്റ്സുകൾ എന്നിവ ഒരുവിധം ഭംഗിയായി എഴുതി സൂക്ഷിക്കുന്നുണ്ട്. എന്നാൽ ഗ്രാമസഭയിൽ ചർച്ച ചെയ്ത പല വിഷയങ്ങളെ സംബന്ധിച്ചും പഞ്ചായത്ത് കമ്മിറ്റി ചർച്ച ചെയ്തതായി കാണുന്നില്ല. സ്റ്റാറ്റസ് റിപ്പോർട്ട്, വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങൾ എന്നിവ ഉൾക്കൊണ്ടുകൊണ്ടല്ല പദ്ധതികൾ പൂർണ്ണമായും രൂപീകരിക്കപ്പെടുന്നത്. ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മറ്റി തീരുമാനങ്ങൾ പ്രധാനമായും സാമൂഹ്യസുരക്ഷാ പെൻഷൻ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നവയാണ്. പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട ചർച്ചകൾ കാര്യമായി നടത്തിയതായി മിനിട്സിൽ കാണുന്നില്ല. ഓഡിറ്റ് വർഷത്തിൽ സെക്രട്ടറി നടപ്പാക്കിയ പദ്ധതികളുമായി ബന്ധപ്പെട്ട പല രേഖകളും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. കെട്ടിട നികുതി, തൊഴിൽ നികുതി എന്നിവയുമായി ബന്ധപ്പെട്ട ഡിമാന്റ് പൂർണ്ണമല്ല. ഇതെല്ലാം ആഭ്യന്തര നിയന്ത്രണത്തിലുള്ള പോരായ്മകളെയാണ് പ്രതിഫലിപ്പിക്കുന്നത്. ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത് കമ്മിറ്റിയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളും കൈക്കൊള്ളേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24/09/2018 | ആഗസ്റ്റ് 2018 | 06/10/2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16/07/2018 | 2013-14 to 2017-18 | ലഭിച്ചിട്ടില്ല |

## 1-12 2017-18 വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

1) വസ്തു നികുതി-തൻവർഷം സാംഖ്യ വാർഷിക കണക്ക് പ്രകാരവും, വസ്തു നികുതി നിർണ്ണയ സോഫ്റ്റ് വെയറായ സഞ്ചയ പ്രകാരവുമുള്ള ഡി.സി.ബി ചുവടെ ചേർക്കുന്നു.

| വസ്തു നികുതി-തൻവർഷം | ഡിമാന്റ് | കളക്ഷൻ | ബുക്ക് അഡ്ജസ്റ്റ്മെന്റ് | ബാലൻസ് | ബാലൻസ് വരേണ്ടത് = ഡിമാന്റ് - (കളക്ഷൻ+ബുക്ക് അഡ്ജസ്റ്റ്മെന്റ്) |
|---|---|---|---|---|---|
| | (റസിഡൻഷ്യൽ &നോൺ-റസിഡൻഷ്യൽ) | (റസിഡൻഷ്യൽ& നോൺ-റസിഡൻഷ്യൽ) | (അഡ്വാൻസ് അഡ്ജസ്റ്റ്മെന്റ്) | റസിഡൻഷ്യൽ& നോൺ-റസിഡൻഷ്യൽ (ലൈബ്രറി | |

| | | | | സെസ്സ് ഉൾപ്പെടെ) | |
|---|---|---|---|---|---|
| സഞ്ചയ പ്രകാരം | 5449847 | 4328432 | 1080875 | 267480 | 40540 |
| വാർഷിക കണക്ക്പ്രകാരം (സാംഖ്യ) | 5449847 | 4328432 | 1080875 | 267480 | 40540 |

മുൻ വർഷ വാർഷിക കണക്ക് പ്രകാരംഅഡ്വാൻസ് വസ്തു നികുതി കളക്ഷൻ ഇല്ല. എന്നാൽ തൻവർഷം അഡ്വാൻസ് വസ്തു നികുതി കളക്ഷൻ അഡ്ജസ്റ്റ്മെന്റ് നടത്തിയിരിക്കുന്നു. ഇതിന്റെ കൃത്യത ഉറപ്പ് വരുത്താൻ കഴിഞ്ഞിട്ടില്ല. മാത്രമല്ല മേൽ കണക്കുകളിൽ ബാലൻസ് വരേണ്ടത് ഡിമാന്റ്-(കളക്ഷൻ+ബുക്ക് അഡ്ജസ്റ്റ്മെന്റ്) തുകയായ 40540/- രൂപയാണ്.എന്നാൽ 267480/- രൂപയാണ് വിവിധ പത്രികകൾ പ്രകാരം വന്നിട്ടുള്ളത്.

വസ്തു നികുതികുടിശ്ശിക - സാംഖ്യ വാർഷിക കണക്ക്പ്രകാരവും, വസ്തു നികുതി നിർണ്ണയ സോഫ്റ്റ് വെയറായ സഞ്ചയ പ്രകാരവുമുള്ള ഡി.സി.ബി താഴെപ്പറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| വസ്തു നികുതി-കുടിശ്ശിക | ഡിമാന്റ് | കളക്ഷൻ | ബുക്ക് അഡ്ജസ്റ്റ്മെന്റ് | ബാലൻസ് | ബാലൻസ് വരേണ്ട തുക = (ഡിമാന്റ് - (കളക്ഷൻ |
|---|---|---|---|---|---|
| | (റസിഡൻഷ്യൽ &നോൺ-റസിഡൻഷ്യൽ) | (റസിഡൻഷ്യൽ &നോൺ-റസിഡൻഷ്യൽ) | (അഡ്വാൻസ് അഡ്ജസ്റ്റ്മെന്റ്) | റസിഡൻഷ്യൽ&നോൺ-റസിഡൻഷ്യൽ (ലൈബ്രറി സെസ്സ് ഉൾപ്പെടെ) | |
| വാർഷിക കണക്ക് പ്രകാരം (സാംഖ്യ) | 8851515 (2016-17 balance sheet schedule B-15) | 3317812 | | 141077 | 5533703 (ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ 1-18 പ്രകാരം Prior period income property tax ആയി 7913004/- രൂപ എഴുതി തള്ളിയിട്ടുണ്ട്. |
| സഞ്ചയ പ്രകാരം | 3452136 | 3317812 | - | 141077 | |

2016 17 വർഷത്തെ വാർഷിക കണക്ക് ബാലൻസ് ഷീറ്റ് ഷെഡ്യൂൾ -15പ്രകാരം വസ്തു നികുതി കുടിശ്ശിക ഇനത്തിൽ പിരിച്ചെടുക്കാനുള്ള തുക 8851515/- രൂപയാണ്. എന്നാൽ സഞ്ചയ പ്രകാരം 2017-18 വർഷത്തെ കുടിശ്ശിക ഡിമാന്റ് 3452136/-, ഡിമാന്റിൽ 5399379/- രൂപയുടെ കുറവ്. ഗണ്യമായ കുറവാണ് വന്നിട്ടുള്ളത്. മാത്രമല്ല സഞ്ചയ പ്രകാരം ഡിമാൻഡിൽ നിന്നും കളക്ഷൻ കുറയുമ്പോൾ 134324/- രൂപയാണ് വരേണ്ടത്. എന്നാൽ സഞ്ചയ സ്റ്റേറ്റ്മെന്റ് പ്രകാരം 141077/- രൂപയാണ് വന്നിട്ടുള്ളത്. Arithamatical Accuracy ഉറപ്പുവരുത്തുവാൻ കഴിഞ്ഞിട്ടില്ല ധനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റി തീരുമാനം നമ്പർ 9/6.2.18, പഞ്ചായത്ത് കമ്മറ്റി തീരുമാനം 4(1)/26.3.18 എന്നിവയുടെ അടിസ്ഥാനത്തിലാണ് write off ചെയ്തിട്ടുള്ളത്. എന്നാൽ ഈ നടപടിയെ സാധൂകരിക്കുന്ന സർക്കാർ ഉത്തരവോ, ജേണൽ വൗച്ചറുകളോ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. മേൽ പ്രകാരം വസ്തുനികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയിൽ വ്യത്യാസം നിലനിൽക്കുന്നതിനാൽ കൃത്യത ഉറപ്പുവരുത്തി സാക്ഷ്യപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല.

2) ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം “280000000-Prior Period item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2018 ലെ നീക്കിയിരിപ്പ് |
|---|---|
| 280100101-Prior period income -Property tax on residential buildings | 6499489/- |
| 280100104-Prior period income-Property tax on non residential buildings | 248604/- |
| 280100105-Prior period income-service cess on residential buildings | 1120762/- |
| 280100106-Prior period- income-service cess on non- recidential buildings | 44949/- |

3) ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പിരിഞ്ഞു കിട്ടാനുള്ള (കുടിശ്ശിക തുകക്ക്) പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

4) തൊഴിൽ ഉറപ്പ് പദ്ധതി ആസ്തി രജിസ്റ്റർ പ്രകാരം 6 റോഡ് കോൺക്രീറ്റ് വർക്കുകൾക്കായി 1119931/- രൂപ ചെലവഴിച്ചിട്ടുണ്ട് .ആയത് capital contribution നിലേക്ക് (പഞ്ചായത്തിന്റെ ആസ്തി ആക്കി) മാറ്റിയിട്ടില്ല. ഇൻകം ആന്റ എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ ഈ തുക കൂടി ഉൾപ്പെട്ട തുകയാണ് (11919080.00)വരുമാനവും ചെലവുമായി ഉൾപ്പെടുത്തിയിരിക്കുന്നത്.

5) നാളിതുവരെയുള്ള ആസ്തി ബാദ്ധ്യതകൾ ഉൾപ്പെടുത്തി ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല.

6) വർഷം തോറും സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ പരിശോധിക്കതക്കവിധമല്ല ആസ്തിരജിസ്റ്റർ തയ്യാറാക്കിയിട്ടുള്ളത്.

7) ബാലൻസ് ഷീറ്റ് ഷെഡ്യൂൾബി-3 capital contribution പ്രകാരം തൻ വർഷം സൃഷ്ടിക്കപ്പെട്ട (49,51,83,77 – 46,75,88,77 = 27,59,500, മുൻ-തൻവർഷ ബാലൻസ് ഷീറ്റ് പ്രകാരമുള്ള വ്യത്യാസം)ആസ്തികളുടെ കൃത്യത പരിശോധിക്കുന്നതിന് വർക്ക് ഷീറ്റ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈ ഇനത്തിന്റെ കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.

8) ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ കാൽക്കുലേഷൻ ഷീറ്റ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ കൃത്യത ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല.

9) ബാലൻസ് ഷീറ്റ് ഷെഡ്യൂൾബി-11(a) capital work in progress ആയി തൻ വർഷം 288763/- രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അസി.എഞ്ചിനീയറുടെ ക്യാഷ് ബുക്ക്, പ്രോജക്ട് രജിസ്റ്റർ എന്നിവ പ്രകാരം 2016-17 ൽ പാർട്ട് ബിൽ നല്കി പ്രസ്തുത വർക്ക് (ആയുർവ്വേദ ആശുപത്രി മാനിടം റോഡ് സംരക്ഷണം, ബിൽ നം.29/31.3.17, തുക- 288763/-) 2017-18 ൽ ഫൈനൽ ബിൽ നല്കി ( ബിൽ നം.5/1.1.18,6/1.1.18,തുക-150401) പൂർത്തിയാക്കിയിട്ടുണ്ട്.

10) ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം recipt & payment account opening balance -closing balance തമ്മിലുള്ള വ്യത്യാസം net cash generated by financing activities grand total (A+B+C) യുമായി പൊരുത്തപ്പെടുന്നില്ല.വിശദാംശങ്ങൾതാഴെച്ചേർക്കുന്നു.

Recipt & payment account opening balance - 22354391.90

Recipt & payment account closing balance - 30518271.90

Difference - 8163880.00

Net cash generated by financing activities - - 16875072.00

[grand total (A+B+C)]

11) വാർഷിക കണക്കുകളോടൊപ്പം ലഭ്യമാക്കേണ്ട അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. (2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 62 (ഇ) (എഫ്) എന്നിവ പ്രകാരം)

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി - നിയമപരമായി അടയ്ക്കാൻ ബാദ്ധ്യസ്ഥരായ എല്ലാവരെയും ഡിമാന്റിൽ ഉൾപ്പെടുത്തേണ്ടതാണ്.

തൊഴിൽ നികുതി നിർണ്ണയവും, ഈടാക്കലും സംബന്ധിച്ച് താഴെ പറയുന്ന സംഗതികൾക്ക് മറുപടി അറിയിക്കുന്നതിനായി 15-10-2018 ൽ 1-ാം നമ്പർ എൻക്വയറി മുഖേന ഗ്രാമപഞ്ചായത്തിനോട് ആവശ്യപ്പെട്ടിരുന്നതാണ്.

1. കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205-ബി അനുശാസിക്കും വിധത്തിലുള്ള നോട്ടീസ് കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ- ചട്ടം4-ൽ പരാമർശിക്കുന്നവർക്ക്,കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ- ചട്ടം10(1) പ്രകാരം ഫാറം നമ്പർ IVൽ സെക്രട്ടറി നോട്ടീസ് നല്കിയിട്ടുണ്ടോ?

2. കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205-സി എന്നതിൽ പ്രതിപാദിച്ച പ്രകാരം ഓഫീസ് മേധാവികളോട് /തൊഴിൽ ദാതാക്കളോട് നോട്ടീസ് മുഖേന സെക്രട്ടറി, വിവരങ്ങൾ കൈമാറുന്നതിന് ആവശ്യപ്പെട്ടിരുന്നുവോ?

3. കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205-ഇ എന്നതിൽ പ്രതിപാദിച്ച പ്രകാരം എല്ലാ വർഷവും, ഏപ്രിൽമാസത്തിൽ, നോട്ടീസ് മുഖേന കേരള പഞ്ചായത്തീ രാജ് നിയമം വകുപ്പ് 205-ഡി അനുശാസിക്കും വിധം തൊഴിൽ നികുതി അടയ്ക്കാൻ ബാദ്ധ്യസ്ഥരായ ജീവനക്കാരുടെയും, സ്ഥാപനങ്ങളുടെയും പേരുവിവരം ഗ്രാമപഞ്ചായത്തിനു കൈമാറുന്നതിന് ഓഫീസ് മേധാവികളോട് /തൊഴിൽ ദാതാക്കളോട് ആവശ്യപ്പെട്ടിരുന്നുവോ ? (കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ- ചട്ടം14,16) ഉണ്ടെങ്കിൽ മേൽ വകുപ്പിൽ പ്രതിപാദിച്ചതു പ്രകാരം,കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ- ചട്ടം18(1)-ൽ പരാമർശിക്കുന്ന വിധം ഫാറം നമ്പർ V-ൽ അയച്ചുതന്നവരുടെ പേരുവിവരം അടങ്ങുന്ന രജിസ്റ്റർ പരിപാലിച്ചുവരുന്നുണ്ടോ?
4. കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205-എഫ് എന്നതിൽ പ്രതിപാദിച്ച പ്രകാരം എല്ലാ വർഷവും, മെയ്,നവംബർ മാസങ്ങളിൽ,നോട്ടീസ് മുഖേന, ഓഫീസ് മേധാവികളോട് /തൊഴിൽ ദാതാക്കളോട് തൊഴിൽനികുതി നിർണ്ണയിക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ടോ?
5. കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205-ഐ എന്നതിൽ പ്രതിപാദിച്ച, വാർഡ് തിരിച്ചുള്ള തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചുവരുന്നുണ്ടോ?

എന്നാൽ മേൽ വിവരങ്ങൾ സംബന്ധിച്ച് യാതൊരു മറുപടിയും ഗ്രാമ പഞ്ചായത്ത് നല്കുകയുണ്ടായില്ല. പരിശോധനയ്ക്ക് ലഭ്യമാക്കിയ രേഖകളിൽ മേൽ പരാമർശിച്ച കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204,205, കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ 1996 എന്നിവയിൽ പരാമർശിച്ചിരിക്കുന്ന, ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നും തൊഴിൽ നികുതി സംബന്ധിച്ച് നിർവ്വഹിക്കേണ്ടതായ കർത്തവ്യങ്ങൾ ചെയ്തുതീർത്തതുസംബന്ധിച്ച യാതൊരു രേഖയും ഇല്ലായിരുന്നു. തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട ഡിമാന്റ് രജിസ്റ്ററും, സ്ഥാപന മേധാവികൾ സമർപ്പിച്ച റിട്ടേൺ ഫോമുകളും മാത്രമാണ് പരിശോധനയ്ക്കായി ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നും സമർപ്പിച്ചത്. മേൽ വിവരിച്ച നിയമം അനുശാസിക്കുന്ന നടപടിക്രമങ്ങൾ ഗ്രാമ പഞ്ചായത്ത് പാലിക്കാത്തതിനാൽ വാർഷിക ധനകാര്യ പത്രികയിലും, ഡിമാന്റ് രജിസ്റ്ററിലും രേഖപ്പെടുത്തിയിരിക്കുന്ന ഡിമാന്റിന്റെ കൃത്യത പരിശോധിച്ച ബോധ്യപ്പെടുന്നതിന് ഓഡിറ്റിനായില്ല. മാത്രമല്ല ഹാജരാക്കിയ രേഖകളിൽ തന്നെ താഴെ പറയുന്ന അപാകതകൾ ഉള്ളതുമാണ്.

1. അമല ഹോമിയോപതിക് ഹോസ്പിറ്റൽ (₹1600/- രശീതി നമ്പർ:11608500029 തിയ്യതി:30-08-16& രശീതി നമ്പർ:11608500129 തിയ്യതി:28-02-17) എസ്.കെ.ഡെന്റൽ കെയർ (₹600/- രശീതി നമ്പർ:11608108357 തിയ്യതി:30-01-17)എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി 2016-17 വർഷത്തിൽ അടവാക്കിയിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുള്ളതാണ്. എന്നാൽ 2017-18-ൽ തൊഴിൽ നികുതി അടവാക്കിയതിന്റെ വിശദാംശം ഡിമാന്റ് രജിസ്റ്ററിൽ ഇല്ലാത്തതാണ്.അമല ഹോസ്പിറ്റൽ ക്യാന്റീൻ, ജി.എം. മോട്ടോഴ്സ്, മാവേലി സ്റ്റോർ എന്നിവിടങ്ങളിലെ സ്ഥാപന തൊഴിൽ നികുതി 2016-17 വർഷത്തിൽ ഈടാക്കിയിട്ടുള്ളതാണ്. എന്നാൽ 2017-18 വർഷത്തിൽ ഈടാക്കിയതിന്റെ വിശദാംശവും ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഈ അപാകത സംബന്ധിച്ച മേൽ നമ്പർ ഓഡിറ്റ എൻക്വയറിയ്ക്ക് ഗ്രാമപഞ്ചായത്ത് മറുപടി നൽകുകയുണ്ടായില്ല.
2. ഗ്രാമ പഞ്ചായത്തിൽ കരാർ ജോലികൾ ചെയ്യുന്ന കരാറുകാർ, ഗ്രാമപഞ്ചായത്തിൽ ബിൽഡിംഗ്സ് റൂൾ പ്രകാരം പ്ലാൻ തയ്യാറാക്കി നല്കുന്ന ലൈസൻസുള്ള സൂപ്പർവൈസർമാർ, റേഷൻ കടകൾ, കള്ള് ഷാപ്പുകൾ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്കായി ഹാജരാക്കിയില്ല
3. ഗ്രാമ പഞ്ചായത്തിൽ നിന്നും 2017-18 വർഷത്തിൽ ആകെ 530 പേർക്ക് വിവിധ വ്യാപാര-വാണിജ്യ ആവശ്യങ്ങൾക്കായി ഡി&ഓ ലൈസൻസ് അനുവദിച്ചിട്ടുള്ളതാണ്. എന്നാൽ 390 വ്യാപാരികളിൽ നിന്നും മാത്രമാണ് തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം ഈടാക്കി കാണുന്നത്. മാത്രമല്ല വാർഷിക ധനകാര്യ പത്രിക പ്രകാരം തൊഴിൽ നികുതിയിനത്തിൽ യാതൊരു തുകയും പിരിച്ചെടുക്കാൻ അവശേഷിക്കുന്നതായി രേഖപ്പെടുത്തിയിട്ടുമില്ല.

മേൽ പറഞ്ഞ കാരണങ്ങളാൽ ഗ്രാമ പഞ്ചായത്തിന്റെ 2017-18 വർഷത്തെ തൊഴിൽ നികുതിയിനത്തിലെ ഡിമാന്റിന്റെ കൃത്യത പരിശോധിച്ച് ബോദ്ധ്യപ്പെടുന്നതിന് ഓഡിറ്റിനായില്ല.

നിയമാനുസൃതം തൊഴിൽ നികുതി അടയ്ക്കാൻ ബാദ്ധ്യസ്ഥരായ എല്ലാവരെയും ഉൾപ്പെടുത്തി തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കേണ്ടതും, ആയതു പ്രകാരം നികുതി പിരിച്ചെടുക്കേണ്ടതും, ഗ്രാമപഞ്ചായത്തിന് ഈ ഇനത്തിലുണ്ടാകുന്ന നികുതി ചോർച്ചയും, വരുമാന നഷ്ടവും ഒഴിവാക്കേണ്ടതുമാണ്. ഈ കാര്യത്തിൽ ഗ്രാമ പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും, ഭരണസമിതിയും പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 2-2 വാടക - എല്ലാ കടമുറികളും ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല

ഗ്രാമപഞ്ചായത്തിൽ നിന്നും പരിശോധനയ്ക്ക് ഹാജരാക്കിയ വാടക രജിസ്റ്ററിൽ നിന്നും ആകെ എത്ര ഷോപ്പിംഗ് കോംപ്ലക്സുകളുണ്ടെന്നും അവയിൽ എത്ര മുറികൾ ഉണ്ടെന്നുമുള്ള വിവരം ലഭ്യമല്ല. വാടകയുടെ DCB പത്രിക മുറികളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടില്ലാത്തതുമാണ്. ആയതിനാൽ വാടക കുടിശ്ശികയുടെ വിവരം കൃത്യമായി പരിശോധിക്കുന്നതിന് ബുദ്ധിമുട്ട് നേരിടുകയുണ്ടായി. ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ശ്രീ. പി.ആർ. ചന്ദ്രന് വാടകയ്ക്ക് നല്കിയ VII/343 നമ്പർ കടമുറിയുടെതായി ചമച്ച 01-04-2017ലെ കരാർ പ്രകാരം ₹1243/- വാടക നിശ്ചയിച്ചിരുന്നതാണ്. എന്നാൽ ഡിമാന്റ് രജിസ്റ്റർ പ്രകാരം ₹1239/- മാത്രമാണ് വാടക പിരിവാക്കികാണുന്നത് വ്യത്യാസം സംഭവിച്ചതിലുള്ള കാരണം അറിയിക്കാൻ 15-10-2018 ൽ 4-ാം നമ്പർ എൻക്വയറി മുഖേന ഗ്രാമപഞ്ചായത്തിനോട് ആവശ്യപ്പെട്ടിരുന്നതാണ്. ആയതിനുള്ള17-10-18ലെ സെക്രട്ടറിയുടെ മറുപടിയിൽ വാടക കരാറിൽ വാടക തെറ്റായാണ് രേഖപ്പെടുത്തിയിരിക്കുന്നത് എന്ന മറുപടിയാണ് അറിയിച്ചത്. വാടകക്കാരനും, ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുമായി ചമയ്ക്കുന്ന മുദ്രപത്രത്തിലുള്ള വാടക കരാറിലാണ് തെറ്റ് സംഭവിച്ചത് മറിച്ച് വാടക ഈടാക്കിയതിലല്ല എന്ന മറുപടി യുക്തിരഹിതമായതും, അംഗീകരിക്കാനാവാത്തതുമാണ്. ഉടമ്പടി പ്രകാരം പിരിച്ചെടുക്കാൻ ബാക്കിയുള്ള തുക പിരിച്ചെടുക്കേണ്ടതും ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.
2. 2016-17 ലേയും 2017-18ലേയും ഡിമാന്റ് രജിസ്റ്ററുകൾ താരതമ്യം ചെയ്തു പരിശോധിച്ചതിൽ, VIII/7 നമ്പർ കടമുറി ശ്രീ. പ്രശാന്ത്.പി.ഡി. s/o.ദിവാകരൻ, പണ്ടരിക്കൽ വീട്, ചിറ്റിലപ്പിള്ളി എന്നവർക്ക് 2016-17- ൽ വാടകയ്ക്ക് നല്കിയതായും പ്രതിമാസം ₹2854/- വാടക ഈടാക്കിയിരുന്നതായും ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തലുണ്ട്. എന്നാൽ പ്രസ്തുത മുറി വാടകയ്ക്ക് നല്കിയതായോ, വാടക ഈടാക്കിയതായോ 2017-18 വർഷത്തെ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതാണ്. മേൽ പരാമർശിച്ച മറുപടിയിൽ, മേൽ വ്യക്തിയുമായി കേസ് നിലനില്ക്കുന്നതിനാലാണ് 2017-18 വർഷത്തിൽ വാടക ഈടാക്കാതിരുന്നതെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. എന്നാൽ കേസ് സംബന്ധിച്ച ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതാണ്.
3. ഹരിശ്രീ കുടുംബശ്രീയ്ക്കായി ₹1103/-പ്രതിമാസവാടകയ്ക്ക് നല്കിയിരുന്ന VIII/3F നമ്പർ മുറിയുടെയും വാടക 2017-18 ൽ അടവാക്കി കാണുന്നില്ല. ആയതിനുള്ള മറുപടിയിൽ കരാർ പുതുക്കാത്തതിനാലാണ് വാടക ഈടാക്കാതിരുന്നതെന്ന മറുപടിയാണ് അറിയിച്ചിരിക്കുന്നത്.

മേൽ പറഞ്ഞ രണ്ടു കടമുറികളെയും ഡിമാന്റിൽ നിന്ന് ഒഴിവാക്കിയതിലുള്ള കാരണം സെക്രട്ടറി അറിയിച്ചിട്ടില്ലാത്തതാണ്. ഈ ഇനത്തിൽ 5% വാർഷിക വർദ്ധനവ് ഉൾപ്പെടെ ₹49872/-യുടെ വരുമാന നഷ്ടം ഉണ്ടായിട്ടുള്ളതാണ്. ആയത് ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതും ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-3 രേഖകളുടെ അഭാവത്തിൽ വസ്തുനികുതി വരവ് പരിശോധിക്കുന്നതിനായില്ല

വസ്തുനികുതിയുടെ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം തയ്യാറാക്കിയ ഡിമാന്റ് , കളക്ഷൻ, ബാലൻസ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | റെസിഡെൻഷ്യൽ &നോൺ റെസിഡെൻഷ്യൽ | | | |
|---|---|---|---|---|
| | ഡിമാന്റ് | കളക്ഷൻ | അഡ്ജസ്റ്റ്മെന്റ് | ബാലൻസ് |
| തൻവർഷം | 54,49,847 | 43,28,432 | 10,80,875 | 40540 |
| കുടിശ്ശിക | 34,52,136 | 33,17,812 | - | 1,41,077 |

വസ്തുനികുതി കണക്കിലെ അപാകതകൾ സംബന്ധിച്ച് വാർഷിക കണക്കിന്റെ പരിശോധനയിൽ വിശദമായ പരാമർശമുള്ളതാണ്, വസ്തുനികുതി ഡിമാന്റ്, പിരിവ് എന്നിവ സംബന്ധിച്ച് താഴെ പറയുന്ന അപാകതകൾ കൂടി ഉള്ളതാണ്.

1. 1/4/2017 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തുകയും പുതിയ അസസ്സ്മെന്റ് തുകകൾ, തുടർന്ന് പുതിയ ഡിമാന്റ് തുകയായി കണക്കിൽ രേഖപ്പെടുത്തുകയുമാണ് വേണ്ടത് .2017-18 വർഷത്തിൽ ന്യൂബിൽഡിംഗ് രജിസ്റ്റർ പ്രകാരം 203 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്.എന്നാൽ "110100101/110100103-Property tax on residential/non residential building" എന്ന ശീർഷകങ്ങളുടെ ലെഡ്ജർ പരിശോധിച്ചതിൽ നിന്നും 2017-18 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒറ്റതവണയായി രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുക എടുത്ത് "സാംഖ്യ"യിൽ 1/4/2017 പ്രകാരമുള്ള ഡിമാന്റ് തുകയായി രേഖപ്പെടുത്തുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്.ആയതിനാൽ റമിഷൻ ,എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തലുകൾ ഇല്ലാതെ പോകുന്നു.വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.
2. മേൽ പട്ടികയിൽ വിവരിച്ച അഡ്ജസ്റ്റ്മെന്റ് ഇനത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ₹10,80,875/-യുടെ ആധികാരകത പരിശോധിച്ചു ബോദ്ധ്യപ്പെടുന്നതിനുതകുന്ന രേഖകളൊന്നും തന്നെ പരിശോധനയ്ക്കായി ഹാജരാക്കുകയുണ്ടായില്ല. ഇതു സംബന്ധിച്ച് 16-10-2018ന് നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ:10ന് മറുപടി നല്കുകയുണ്ടായില്ല..
3. വസ്തുനികുതിയുടെ വാർഡ് തിരിച്ചുള്ള ഡിമാന്റ് രജിസ്റ്റർ പരിശോധനയ്ക്കായി ആവശ്യപ്പെട്ടിരുന്നെങ്കിലും, ആയത് പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ലാത്തതാണ്. വസ്തുനികുതിയുടെ ഡിമാന്റ് രജിസ്റ്റർ സഞ്ചയ സോഫ്റ്റ് വെയറിൽ മാത്രമാണ് സൂക്ഷിക്കുന്നതെന്ന മറുപടിയാണ് അറിയിച്ചത്.
4. വസ്തുനികുതിയിനത്തിൽ 2017-18 വർഷത്തിൽ വസ്തുനികുതി പിരിവുമായി ബന്ധപ്പെട്ട് റവന്യൂ റിക്കവറി പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ , വസ്തുനികുതിയിനത്തിൽ 2017-18 വർഷത്തിൽ വസ്തുനികുതി പിരിവുമായി ബന്ധപ്പെട്ട് പിരിവു സാധ്യത സംശയമുള്ളവ, സഞ്ചയസോഫ്റ്റ് വെയറിൽ നിന്നും ഡിമാന്റ് സസ്പെക്ട് ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങളും, അനധികൃത കെട്ടിട നിർമ്മാണം സംബന്ധിച്ച രേഖപ്പെടുത്തൽ നടത്തുന്ന രജിസ്റ്റർ എന്നിവയും മേൽ എൻക്വയറിയിലൂടെ ആവശ്യപ്പെട്ടെങ്കിലും ആയതും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതാണ്.

മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ വസ്തുനികുതി വരവിന്റെ ആധികാരികത പരിശോധിച്ചു ബോദ്ധ്യപ്പെടുന്നതിനായില്ല

## 2-4 അനധികൃത കെട്ടിടനിർമ്മാണം- വസ്തു നികുതി ഓഡിറ്റ്

## വർഷത്തിലും ഈടാക്കിയില്ല

അമല ഇൻസ്റ്റിറ്റ്യൂട്ട്, ഐ.ഇ.എസ്.എഡ്യൂക്കേഷൻ സൊസൈറ്റി എന്നിവയുടെ അനധികൃത കെട്ടിടനിർമ്മാണം- വസ്തു നികുതിയിനത്തിൽ ഗ്രാമപഞ്ചായത്തിന് വൻ തുക വസ്തു നികുതിയായി അടവാക്കാനുണ്ടെന്ന് ഓഡിറ്റ് റിപ്പോർട്ട്-2014-15 ഖണ്ഡിക:2-8, ഓഡിറ്റ് റിപ്പോർട്ട്-2015-16 ഖണ്ഡിക:2-12, ഓഡിറ്റ് റിപ്പോർട്ട്-2016-17 ഖണ്ഡിക:2-4 എന്നിവയിൽ പരാമർശമുള്ളതാണ്. ഓഡിറ്റ് വർഷത്തിലും പ്രസ്തുത വസ്തു നികുതി ഈടാക്കിയിട്ടില്ലാത്തതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 06-02-2018-ൽ ചേർന്ന യോഗത്തിന്റെ 9-ാം നമ്പർ തീരുമാനപ്രകാരം മേൽ സ്ഥാപനങ്ങൾ ഹൈക്കോടതിയിൽ സമർപ്പിച്ചിട്ടുള്ള കേസുകളിൽ തീർപ്പാക്കുന്നതുവരെ നികുതി പിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത് കോടതി അലക്ഷ്യമാകും എന്ന നിയോമോപദേശം യോഗം വിലയിരുത്തുകയും, ആയതിന്റെ അടിസ്ഥാനത്തിൽ താല്ക്കാലികമായി 31-03-2018 വരെ പ്രസ്തുത കെട്ടിടങ്ങളുടെ കുടിശ്ശിക ഉൾപ്പെടെയുള്ള നികുതി തുക 2017-18 വർഷത്തെ ഡിമാന്റിൽ നിന്നും ' സസ്പെക്ട് ' ചെയ്യുന്നതിനായും തീരുമാനിച്ചിട്ടുള്ളതാണ്. എന്നാൽ ഇതു സംബന്ധിച്ച കോടതി വിവരങ്ങൾ ഉൾപ്പെടെയുള്ള രേഖകൾ ഹാജരാക്കുന്നതിനാവശ്യപ്പെട്ടുകൊണ്ടു 17-10-2018ന് നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ:14ന് മറുപടി നല്കിയിട്ടില്ലാത്തതാണ്. ആയതിനാൽ ഇതിന്റെ വിശദാംശങ്ങൾ പരിശോധിക്കുന്നതിനായില്ല.

ഇക്കാര്യത്തിൽ വസ്തുതകൾ കോടതിയെ ബോദ്ധ്യപ്പെടുത്തി ഗ്രാമപഞ്ചായത്തിന് അനുകൂലമായ ഉത്തരവ് നേടിയെടുക്കുന്നതിനും, ഈ ഇനത്തിൽ ഗ്രാമപഞ്ചായത്തിനുണ്ടാകുന്ന വൻതുകയുടെ വരുമാനനഷ്ടം ഒഴിവാക്കുന്നതിനും നടപടിയുണ്ടാകേണ്ടതാണ്. ഈവിഷയത്തിൽ ഭരണസമിതിയുടെ സത്വരശ്രദ്ധ പതിയേണ്ടതാണ്.

## 2-5 വിമുക്ത ഭടൻമാർക്ക് നികുതി ഒഴിവാക്കി നല്കൽ സർക്കാർ ഉത്തരവിലെ വ്യവസ്ഥ പാലിച്ചിട്ടില്ല

വിമുക്ത ഭടൻമാർക്ക് നികുതി ഒഴിവാക്കി നല്കൽ സംബന്ധിച്ച 26-05-2017 സർക്കാർ ഉത്തരവ് (കൈ)നമ്പർ:106/17/ത.സ്വ.ഭ.വ ഖണ്ഡിക നമ്പർ:2 പ്രകാരം 2000 ച.അടിയിൽ അധികരിക്കുന്ന തറ വിസ്തീർണ്ണത്തിന് നികുതി ഈടാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. എന്നാൽ ശ്രീ. രമാനന്ദൻ, പറമ്പാട്ടുവളപ്പിൽ, പുറനാട്ടുകര എന്നിവരുടെ ഉടമസ്ഥതയിലുള്ള XII/351 നമ്പർ വീടിന് (ആകെ വിസ്തീർണ്ണം 198 ച.മീ) മേൽ വ്യവസ്ഥ പ്രകാരം നികുതി ഈടാക്കിയിട്ടില്ല എന്ന് 17-10-2018ന് നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ:21ന് മറുപടി നല്കിയിട്ടുള്ളതാണ്. വ്യവസ്ഥ പ്രകാരമുള്ള തുക നിർണ്ണയിച്ച് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-6 ഡി&ഓ. ലൈസൻസ് ഡിമാന്റിൽ കൃത്യതയില്ല

പരിശോധനയ്ക്കായി ഹാജരാക്കിയ ഗ്രാമപഞ്ചായത്തിലെ 18 വാർഡുകളിലെ വ്യാപാരസ്ഥാപനങ്ങളുടെ വിവരം സംബന്ധിച്ച ട്രെഡേഴ്സ് രജിസ്റ്റർ പ്രകാരം ആകെ 428 സ്ഥാപനങ്ങളാണ് ഉള്ളത്.എന്നാൽ 2017-18 ലെ ഡി &ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം 522 സ്ഥാപനങ്ങൾക്കും, 2016-17 ലെ ഡി &ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം 493 സ്ഥാപനങ്ങൾക്കും, ഡി&ഓ.ലൈസൻസ് അനുവദിച്ചതായി കാണുന്നു. മേൽ വിവരിച്ചതിൽ നിന്നും ട്രേഡേഴ്സ് ലിസ്റ്റും, ഗ്രാമപഞ്ചായത്തിലെ വ്യാപാര /വാണിജ്യ സ്ഥാപനങ്ങളും തമ്മിൽ യാതൊരു ബന്ധവുമില്ലാത്തതാണെന്ന് കാണാവുന്നതാണ്. ട്രേഡേഴ്സ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ കൃത്യമാക്കാത്തതിനാൽ ,ഡി &ഒ ലൈസൻസ് സംബന്ധിച്ച 2017-18ലെ ഡിമാന്റിന്റെ കൃത്യത പരിശോധിച്ച ബോദ്ധ്യപ്പെടുന്നതിന് ഓഡിറ്റിന് സാധിച്ചില്ല.

ട്രേഡേഴ്സ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ കൃത്യമാക്കി സൂക്ഷിക്കേണ്ടതും ആയതു പ്രകാരം ഡിമാന്റ് നിർണ്ണയിച്ച് ഗ്രാമപഞ്ചായത്ത് പരിധിയ്ക്കകത്തെ ഡി &ഒ ലൈസൻസ് എടുക്കാൻ ബാദ്ധ്യസ്ഥരായ എല്ലാപേരും കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232,233, കേരള പഞ്ചായത്ത് രാജ്(അപകടകരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നല്കൽ ) ചട്ടങ്ങൾ 1996, കേരള പഞ്ചായത്തീ

രാജ്(അപകടകരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നല്കൽ ), ഭേദഗതി ചട്ടങ്ങൾ 2017 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. അപകടകരവും അസഹ്യവുമായ വ്യാപാരങ്ങൾക്ക് ലൈസൻസ് നല്കുകയെന്നത് ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയായതിനാലും, ഈ ഗണത്തിലുള്ള സ്ഥാപനങ്ങൾ പൊതുജനത്തിന്റെ ജീവനും, സ്വത്തിനും നേരിട്ട് ബാധിക്കുന്നവയായതിനാലും പരമപ്രധാനമായ ഈ സംഗതിയിൽ ഭരണ സമിതിയുടെയും, ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെയും സത്വര ശ്രദ്ധ പതിയേണ്ടതാണ്.

## 2-7 സ്വകാര്യ ആശുപത്രികളുടെയും, പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ

കേരള പഞ്ചായത്ത് രാജ്-സ്വകാര്യ ആശുപത്രികളേയും, പാരാമെഡിക്കൽ സ്ഥാപനങ്ങളേയും സംബന്ധിച്ച 1997 ലെ ചട്ടപ്രകാരം ഗ്രാമ പഞ്ചായത്തിൽ രജിസ്ട്രേഷൻ ഇനത്തിൽ പിരിവാക്കിയ കഴിഞ്ഞ നാലു വർഷത്തെ തുക താഴെ ചേർക്കുന്നു.

| വർഷം | ഡിമാന്റ് രജിസ്റ്റർ പ്രകാരം രജിസ്റ്റർ ചെയ്ത/പുതുക്കിയ സ്ഥാപനങ്ങളുടെ എണ്ണം | തുക |
|---|---|---|
| 2014-15 | 15 | 5100 |
| 2015-16 | 2 | 400 |
| 2016-17 | 13 | 3650 |
| 2017-18 | 20 | 700 |

പട്ടികയിൽ സൂചിപ്പിച്ചപ്രകാരം രജിസ്ട്രേഷൻ ഫീസ് പിരിവാക്കിയതിൽ വ്യതിയാനം സംഭവിച്ചതിലുള്ള കാരണം അറിയിക്കാൻ 15-10-2018 ൽ 2-ാം നമ്പർ എൻക്വയറി മുഖേനെ ഗ്രാമപഞ്ചായത്തിനോട് ആവശ്യപ്പെട്ടിരുന്നതാണ്. ആയതിനുള്ള മറുപടിയിൽ പാരാമെഡിക്കൽ സ്ഥാപനങ്ങളെല്ലാം തന്നെ ലൈസൻസ് പുതുക്കിയിട്ടുണ്ടെന്ന മറുപടിയാണ് സെക്രട്ടറി അറിയിച്ചത്. എന്നാൽ 2017-18 പുതുക്കേണ്ടതായ ലൈസൻസ്, സ്ഥാപനങ്ങൾ 2016-17വർഷത്തിൽ മുൻകൂറായിപുതുക്കിയതിന്റെ വിവരങ്ങൾ അറിയിക്കുകയുണ്ടായില്ല. മുൻകൂർ ആയി രജിസ്ട്രേഷൻ പുതുക്കിയിട്ടുണ്ടെങ്കിൽ അക്കാര്യം വ്യക്തമായി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും, മുൻകൂർ അടവാക്കിയ തുക അഡ്വാൻസായി വാർഷികകണക്കിൽ ഉൾപ്പെടുത്തേണ്ടതുമാണ്. ഗ്രാമ പഞ്ചായത്ത് അതിർത്തിക്കുള്ളിലെ എല്ലാ സ്വകാര്യ ആശുപത്രികളും, പാരാമെഡിക്കൽ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 2-8 അറ്റകുറ്റപ്പണികൾക്കായി പൊളിച്ചുമാറ്റിയ മര/ഇരുമ്പ് സാധനങ്ങൾ ലേലം ചെയ്തില്ല, പഞ്ചായത്തിന് നഷ്ടം.

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്ടുകളായ ചൂരക്കാട്ടുക്കര ജി.യു.പി.എസ്, അറ്റകുറ്റപ്പണി, അടാട്ട് ജി.എൽ.പി.എസ് അറ്റകുറ്റപ്പണി, എന്നിവയുമായി ബന്ധപ്പെട്ട് പൊളിച്ചുമാറ്റിയ മരം/ഇരുമ്പ് സാധനങ്ങൾ വാല്യുവേഷനെടുത്ത് അസിസ്റ്റന്റ് എഞ്ചിനീയർ പഞ്ചായത്തു സെക്രട്ടറിക്കു കൈമാറിയതായി ഓഡിറ്റ് എൻക്വയറി 7,&8 എന്നിവയ്ക്കുള്ള മറുപടിയിൽ അസിസ്റ്റൻറ് എഞ്ചിനീയർ വ്യക്തമാക്കിയിട്ടുണ്ട് . ഓഡിറ്റ് എൻക്വയറി നമ്പർ 15 നുള്ള മറുപടിയിൽ 8.10.18 ലെ1/17 നമ്പർ തീരുമാനപ്രകാരം ചൂരക്കാട്ടുക്കര സ്കൂളിന്റെ പൊളിച്ചെടുത്ത സാധനങ്ങൾ ലേലം ചെയ്യുന്നതിന് H.Mനെ ചുമതലപ്പെടുത്തിയതായി സെക്രട്ടറി അറിയിച്ചിട്ടുണ്ട്. 23.10.17ൽ അസിസ്റ്റന്റ് എഞ്ചിനിയർ വാല്യുവേഷനെടുത്ത് കൈമാറിയ വസ്തുക്കൾ ലേലം ചെയ്യുന്നതിന് H.Mനെ ചുമതലപ്പെടുത്തിക്കൊണ്ട് തീരുമാനമെടുത്തിരിക്കുന്നത് 8.10.18ൽ മാത്രമാണ്. കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്. പ്രസ്തുത സാധനങ്ങൾ ലേലം ചെയ്തതിന്റെ വിവരങ്ങൾ

ഓഡിറ്റിനു ലഭ്യമാക്കിയിട്ടില്ല.വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്റ്റിന്റെ പേര് | വാല്യുവേഷൻ തുക | സെക്രട്ടറിക്ക കൈമാറിയ തിയ്യതി | സാധനങ്ങളുടെ വിവരം |
|---|---|---|---|---|---|
| 1 | 44/17,161/18 | അടാട്ട് ജി.എൽ.പി എസ് അറ്റകുറ്റപ്പണി | 8424.83 | 1.3.18 | മരസാധനങ്ങൾ ,പി.വി.സി പ്ലെയിൻ പാനൽ |
| 2 | 89/17 | ചൂരക്കാട്ടുക്കര ജി.യു.പി.എസ് അറ്റകുറ്റപ്പണി | 49945 | 23.10.17 | മരം,ഇരുമ്പ് സാധനങ്ങൾ |
| ആകെ | | | 58369.83 | | |

ലേലനടപടികൾ സമയോചിതമായി സ്വീകരിക്കാതിരുന്നതിനാൽ പഞ്ചായത്തിന് 58370 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ടി തുക തിരിച്ചുപിടിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 15 dtd 17.10.18)

## 2-9 ടെണ്ടർ ഫീ പഞ്ചായത്തിനു ലഭ്യമാക്കേണ്ടതാണ്

ഇ-ടെണ്ടർ നടത്തുമ്പോൾ ടെണ്ടർ ഫീയിനത്തിലുള്ള തുക ഓൺലൈനായി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്കാണ് അടവാക്കുന്നത്. 2017-18 വർഷത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് ഈയിനത്തിൽ 11900 രൂപ അടവാക്കിയിട്ടുണ്ട്. ടി തുക പഞ്ചായത്തിന് ലഭിക്കേണ്ട തുകയാണ്. ടിയിനത്തിൽ മുൻ വർഷങ്ങളിലും പഞ്ചായത്തിനു തുക ലഭിക്കാനുണ്ട്. തുക ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. 17-18 വർഷത്തിൽ ഈ ഇനത്തിൽ പഞ്ചായത്തിനു ലഭിക്കുവാനുള്ള തുകയുടെ വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട്നമ്പർ | പ്രോജക്റ്റിന്റെ പേര് | അടങ്കൽ | ടെണ്ടർഫീ |
|---|---|---|---|---|
| 1 | 58/18 | അടാട്ട് പി.എച്ച്.സി. അഭിവൃദ്ധിപ്പെടുത്തൽ | 1000000 | 2000 |
| 2 | 72/18 | മാനിടം റോഡ് ഡ്രെയിനേജ് | 560000 | 1200x2=2400 |
| 3 | 195/18 | രാജീവ്ഗാന്ധി വനിതാ ഫുഡ്പ്രോസസിങ്ങ് ഇൻഡസ്ട്രിയൽപാർക്ക് | 8000000 | 2500x3=7500 |
| | | | ആകെ | 11900 |

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായ മരാമത്ത് പ്രവൃത്തികൾ-

## സർക്കാർ മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി താഴെ പ്പറയുന്ന മരാമത്ത് പ്രവൃത്തികൾ നടപ്പാക്കുന്നതിനായി തുക നിർമ്മിതികേന്ദ്രത്തിനു നൽകിയിട്ടുണ്ട് .

| | പദ്ധതിയുടെ പേര് | തുക |
|---|---|---|
| 1 | ശാന്തിവനം ശ്മശാനം നിർമ്മാണം പൂർത്തീകരണം SOO 136/18 | 925000രൂപ |
| 2 | പാരിക്കാട് മാലിന്യ പ്ലാന്റ് ചേംബർ സ്ഥാപിക്കലും അനുബന്ധപ്രവൃത്തികളും SOO 169/18 | 1000000 |
| 3 | പാരിക്കാട് കുളം മാലിന്യവിമുക്തമാക്കി വൃത്തിയാക്കൽ SOO 81/18 | 754599 |
| 4 | മുതുവറ ഷോപ്പിംഗ് കോംപ്ലക്സ് മെയിന്റനൻസ് പൂർത്തീകരണം SOO 137/18 | 500000 |
| 5 | വനിതാ തൊഴിൽ പരിശീലനകേന്ദ്രം SOO 76/18 | 100000 |
| 6 | വനിതാ തൊഴിൽ പരിശീലനകേന്ദ്രം കെട്ടിടനിർമ്മാണം അനുബന്ധപ്രവൃത്തികളുംSOO 80/18 | 95000 |
| 7 | ശാന്തിവനം ശ്മശാനം-അനുബന്ധപ്രവൃത്തികൾ SOO 79/18 | 74201 |

ജി.ഓ.(ആർ.ടി) നമ്പർ 244/2013/തസ്വഭവ തീയതി 30.1.2011 പ്രകാരം നിർമ്മിതി കേന്ദ്രത്തിന്റെ തനതായ ടെക്നോളജി ഉപയോഗിക്കുന്ന പ്രവൃത്തികൾ മാത്രമാണ് ടി സ്ഥാപനത്തെ ഏൽപ്പിക്കാവുന്നത്. അംഗീകൃത ഏജൻസികളുടേയും അക്രഡിറ്റഡ് ഏജൻസികളുടേയും സേവനം ഉപയോഗപ്പെടുത്തുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ(എം.എസ്)നമ്പർ 133/2013/തസ്വഭവ തീയതി 30.3.13 അനുബന്ധം ഖണ്ഡിക7.i(എ)പ്രകാരംപി.ഡബ്ലിയു.ഡി ഡാറ്റയും ഷെഡ്യൂളും ഉപയോഗിച്ച് തയ്യാറാക്കുന്ന എസ്റ്റിമേറ്റ് പ്രകാരമുള്ള സാധാരണ മരാമത്ത് പ്രവൃത്തികൾ ഏൽപ്പിക്കാവുന്നതല്ല. മാത്രമല്ല പി.ഡബ്ലിയു.ഡി ഡാറ്റ പ്രകാരവും ലോ കോസ്റ്റ് ടെക്നോളജി പ്രകാരവും എസ്റ്റിമേറ്റുകൾ തയ്യാറാക്കി താരതമ്യം ചെയ്ത് ചെലവ് കുറവാണെങ്കിൽ മാത്രമേ ഏൽപ്പിക്കാവൂ. നിർമ്മിതി കേന്ദ്രത്തിന്റെ തനത് ടെക്നോളജി ഉപയോഗിച്ചിട്ടുള്ളതായോ എസ്റ്റിമേറ്റുകൾ താരതമ്യം ചെയ്തിട്ടുള്ളതായോ കാണുന്നില്ല. സ.ഉ.(എം.എസ്)133/07/ തസ്വഭവ 18.5.07 പ്രകാരം തനത് സാങ്കേതിക വിദ്യ ഉപയോഗിച്ച് നടപ്പാക്കുന്ന പ്രവൃത്തികളുടെ കാര്യത്തിൽ അളവുകൾ രേഖപ്പെടുത്തുന്നത് ഏജൻസികളുടെ എഞ്ചിനീയറാണെങ്കിലും തദ്ദേശഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ അവ പരിശോധിച്ച് ബോധ്യപ്പെടേണ്ടതുണ്ട്. ഇപ്രകാരം ചെയ്തതായി കാണുന്നില്ല. ഈ വിഷയം 2016-17 ലെ ഓഡിറ്റ് റിപ്പോർട്ടിൽ പറഞ്ഞിരുന്നുവെങ്കിലും 2017-18 സാമ്പത്തികവർഷം സെക്രട്ടറി നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളും അതേ അപാകതകളോടു കൂടിയാണ് നടപ്പാക്കിയിരിക്കുന്നത്. ആയത് ശരിയായ നടപടിയായി ഓഡിറ്റ് വിലയിരുത്തുന്നില്ല. പദ്ധതി നിർവഹണം സർക്കാർ നിർദ്ദേശം പാലിച്ചുകൊണ്ട് നടപ്പാക്കേണ്ടതാണ്.

## 3-2 വിനിയോഗ സാക്ഷ്യപത്രം ,കൈപ്പറ്റുരസീതി എന്നിവ ഹാജരാക്കിയിട്ടില്ല. ചെലവുതുക തടസ്സപ്പെടുത്തുന്നു

2017-18 സാമ്പത്തികവർഷം സെക്രട്ടറി നടപ്പാക്കിയ താഴെ പ്പറയുന്ന പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ, കൈപ്പറ്റുരസീതി എന്നിവ ഹാജരാക്കിയില്ല. ചെലവ് തുക 953285/- രൂപ തടസ്സത്തിൽ വയ്ക്കുന്നു. വിശദാംശ ങ്ങൾ ചുവടെ കൊടുക്കുന്നു

| ക്രമ നം. | പ്രോജക്ട്/ പ്രോജക്ട് നമ്പർ | ബിൽ നമ്പർ/ തുക | തുക നൽകിയത് | ഹാജരാക്കാത്ത രേഖകൾ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | കേരളാ സാമൂഹ്യ സുരക്ഷാമിഷനു സംഭാവന<br>SOO 110/18 | 17/17-18/26.9.17<br>100000/- | കേരളാ സാമൂഹ്യ സുരക്ഷാമിഷന് | വിനിയോഗ സാക്ഷ്യപത്രം |
| 2 | IAY,PMAY ഗ്രാമപഞ്ചായത്ത് വിഹിതം (ജനറൽ ) ബാക്കി നൽകേണ്ട തുക<br>SOO88/18 | 36/17-18/15.2.18-40000 രൂപ<br>തനതുഫണ്ട്-33000 രൂപ<br>( വൗച്ചർ നമ്പർ-21701569/12.3.18) | സെക്രട്ടറി ,ബ്ലോക്ക് പഞ്ചായത്ത് പുഴയ്ക്കൽ | കൈപ്പറ്റുരസീതി, വിനിയോഗ സാക്ഷ്യപത്രം |
| 3 | പി.എം.എ.വൈ ഭവനനിർമ്മാണം -ഗ്രാമപഞ്ചായത്ത് വിഹിതം (ജനറൽ)<br>SOO67/18 | 28/17-18/6.12.17-20000 രൂപ,37/17-18/15.2.18-40000 രൂപ,തനതുഫണ്ട്-10000 രൂപ<br>( വൗച്ചർ നമ്പർ-21701569/12.3.18,ചെക്ക്നമ്പർ-2273567/12.3.18) | സെക്രട്ടറി ,ബ്ലോക്ക് പഞ്ചായത്ത് പുഴയ്ക്കൽ | ,കൈപ്പറ്റുരസീതി, വിനിയോഗ സാക്ഷ്യപത്രം |
| 4 | ഭിന്ന ശേഷിക്കാർക്ക് റിസോഴ്സ് സെന്റർ-ഗ്രാമപഞ്ചായത്ത് വിഹിതം | 14/17-18/29.9.17-50000 രൂപ | സെക്രട്ടറി ,ജില്ലാ പഞ്ചായത്ത് ,തൃശ്ശൂർ | കൈപ്പറ്റുരസീതി, വിനിയോഗ സാക്ഷ്യപത്രം |
| 5 | ഐ.കെ.എം വിഹിതം നൽകൽ<br>SO117/18 | 1/17-18/26.7.17,<br>തുക-50000 രൂപ | ഐ.കെ.എം ന് നൽകി | കൈപ്പറ്റുരസീതി, വിനിയോഗ സാക്ഷ്യപത്രം |
| 6 | ഐ.എം.എ ബ്ലഡ് ബാങ്ക് -ഗ്രാമപഞ്ചായത്ത് വിഹിതം | 15/17-18/26.9.17,<br>തുക-100000 രൂപ | സെക്രട്ടറി ,ജില്ലാ പഞ്ചായത്ത് ,തൃശ്ശൂർ | കൈപ്പറ്റുരസീതി, വിനിയോഗ സാക്ഷ്യപത്രം |
| 7 | അമല-ചിറ്റിലപ്പിള്ളി റോഡിൽ പ്രാണാ യോഗ സെന്ററിനു സമീപം പൈപ്പ് ലൈൻ സ്ഥാപിക്കൽ<br>SOO | 2/17-18/26.7.17,<br>തുക-277000 രൂപ | എക്സിക്യൂട്ടീവ് എഞ്ചിനീയർ,കേരളാ വാട്ടർ അതോറിറ്റി ,പി.എച്ച് ഡിവിഷൻ .തൃശ്ശൂർ | കൈപ്പറ്റുരസീതി, വിനിയോഗ സാക്ഷ്യപത്രം |
| 8 | 2017-18 ഉടലക്കാവ് ഡിസ്പെൻസറിയിലേക്ക് പൈപ്പ് ലൈൻ സ്ഥാപിക്കൽ | തുക-21000 രൂപ ( വൗച്ചർ നമ്പർ-21701841/30.3.18, | എക്സിക്യൂട്ടീവ് എഞ്ചിനീയർ,കേരളാ വാട്ടർ അതോറിറ്റി ,പി.എച്ച് ഡിവിഷൻ .തൃശ്ശൂർ | കൈപ്പറ്റുരസീതി, വിനിയോഗ സാക്ഷ്യപത്രം |
| 9 | ഗ്രാമപഞ്ചായത്തിലെ വിവിധ ഭാഗങ്ങളിലെ പൈപ്പ് ലൈൻ അറ്റകുറ്റപ്പണികൾ | 46/17-18/26.3.18,<br>തുക-212285 രൂപ | എക്സിക്യൂട്ടീവ് എഞ്ചിനീയർ,കേരളാ വാട്ടർ അതോറിറ്റി ,പി.എച്ച് ഡിവിഷൻ .തൃശ്ശൂർ | കൈപ്പറ്റുരസീതി, വിനിയോഗ സാക്ഷ്യപത്രം |

| | | | | |
|---|---|---|---|---|
| | SO207/18 | | | |
| | | 953285 | | |

മേൽ പറഞ്ഞ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-3 പദ്ധതി പൂർത്തീകരിച്ചിട്ടില്ല-കാരണം വിശദീകരിക്കേണ്ടതാണ്.-28437 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ നിലവിലുള്ള സ്ട്രീറ്റ് ലൈറ്റുകൾ ഡിസ്മാന്റിൽ ചെയ്യലും സമ്പൂർണ്ണ എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കലും എന്ന പ്രോജക്ട് പ്രകാരം (പ്രോജക്ട് നം. SO143/18) വടക്കാഞ്ചേരി എം.എൽ .എയുടെ ആസ്തി വികസന ഫണ്ടിൽ നിന്നും എൽ .ഇ.ഡി വിളക്കുകൾ വാങ്ങി പഞ്ചായത്തിലെ പഴയ സ്ട്രീറ്റ് ലൈറ്റുകൾ അഴിച്ചുമാറ്റി പുതിയ എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിക്കുന്നതിനും മാറ്റിയ പഴയ തെരുവുവിളക്കുകൾ ലേലം ചെയ്തു നൽകുന്നതിനുമാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ 28437 രൂപ (ബിൽ നം. 23/17-18/22.11.17) സൂപ്പർ വിഷൻ ചാർജ്ജ് മുതുവറ കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ സെക്ഷനിൽ അടവാക്കിയിട്ടുണ്ട്.(കൈപ്പറ്റ രസീതി ഹാജരാക്കിയിട്ടില്ല.) .പ്രോജക്ട് അംഗീകരിക്കുന്നതിനു മുമ്പായി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതാണ്. ആയത് ചെയ്തതായി കാണുന്നില്ല. തുടർ നടപടികൾ സ്വീകരിക്കാത്തതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കുകയുണ്ടായില്ല. പദ്ധതി നടപ്പാക്കാത്തതിനു വിശദീകരണം ലഭ്യമാക്കുന്നതുവരെ ഈയിനത്തിൽ ചെലവു ചെയ്ത തുക 28437 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 രേഖകൾ ഹാജരാക്കിയിട്ടില്ല-799207രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായ താഴെ പ്പറയുന്ന പ്രോജക്ടുകളോടൊപ്പമുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല. വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട്<br>പ്രോജക്ട് നമ്പർ | ബിൽനമ്പർ/ വൗച്ചർ നമ്പർ / തുക | തുക നൽകിയത് | ഹാജരാക്കാത്ത രേഖകൾ |
|---|---|---|---|---|
| 1 | ഗ്രാമപഞ്ചായത്ത് ഓഫീസിലേക്ക് സെർവർ കമ്പ്യൂട്ടർ പ്രിന്റർ വാങ്ങൽ<br>SO184/18 | തനതു ഫണ്ട്<br>21701831/29.3.18, തുക 52685 രൂപ | Nest systems and solutions (ഇൻവോയ്സ് നമ്പർ230/24.2.18 | ടെണ്ടർ നടപടികളുടെ ഫയൽ, പഞ്ചായത്ത് കമ്മറ്റി തീരുമാനം,സ്റ്റോക്ക് രജിസ്റ്റർ |
| 2 | 2017-18 അവാർഡ് ഭവനിലേക്ക് മോട്ടോർ പമ്പ് സെറ്റ് വാങ്ങൽ<br>SO203/18 | തനതു ഫണ്ട്<br>21701840/29.3.18, തുക 34835 രൂപ | നാഷണൽ ബോർവെൽസ് ആന്റ് പമ്പ് സെറ്റ്സ് (ഇൻവോയ്സ് നമ്പർ 405/1.3.18) | ടെണ്ടർ നടപടികളുടെ ഫയൽ, പഞ്ചായത്ത് കമ്മറ്റി തീരുമാനം,സ്റ്റോക്ക് രജിസ്റ്റർ |
| 3 | ഗ്രാമപഞ്ചായത്ത് ഓഫീസിലേക്ക് ബൽക്ക് സ്കാനർ വാങ്ങൽ | തനതു ഫണ്ട്<br>21701832/29.3.18, | Nest systems and solutions (ഇൻവോയ്സ് നമ്പർ231/24.2.18 | ടെണ്ടർ നടപടികളുടെ ഫയൽ, |

| | | | | |
|---|---|---|---|---|
| | SO172/18 | തുക 49659 രൂപ | | പഞ്ചായത്ത് കമ്മറ്റി തീരുമാനം,സ്റ്റോക്ക് രജിസ്റ്റർ |
| 4 | വനിത തൊഴിൽ പരിശീലനകേന്ദ്രത്തിലേക്ക് ഫർണ്ണീച്ചർ വാങ്ങൽ SO135/18 | തനതു ഫണ്ട് 21701527/20.1.18, തുക 55325 രൂപ | ദാസ് ഏജൻസീസ് പാലക്കാട്(ഇൻവോയ്സ് നമ്പർ 231/24.2.18 | ടെണ്ടർ നടപടികളുടെ ഫയൽ, പഞ്ചായത്ത് കമ്മറ്റി തീരുമാനം,സ്റ്റോക്ക് രജിസ്റ്റർ |
| 5 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതി സെക്ഷനിലേക്ക് പുതിയ കമ്പ്യൂട്ടർ വാങ്ങൽ SO135/18 | തനതു ഫണ്ട് 21701835/31.3.18, തുക 32096രൂപ, 46/17-18/31.3.18, തുക-17904 രൂപ | Nest systems and solutions (ഇൻവോയ്സ് നമ്പർ 231/24.2.18 | ടെണ്ടർ നടപടികളുടെ ഫയൽ, പഞ്ചായത്ത് കമ്മറ്റി തീരുമാനം,സ്റ്റോക്ക് രജിസ്റ്റർ |
| 6 | തെരുവുവിളക്കുകളുടെ വാങ്ങലും റിപ്പയറും SOO 61/18 | a)16/17-18 /26.9.17, തുക-84585രൂപ b)38/17-18 /31.3.18, തുക-49550 രൂപ c)47/17-18 /26.3.18, തുക-99765 രൂപ d)51/17-18 /29.3.18, തുക-6553 രൂപ | ലഭ്യമല്ല | ചെലവു രേഖകൾ |
| 7 | കെ.ആർ നാരായണൻ മെമ്മോറിയൽ ഹാളിലേയ്ക്ക് ഫർണ്ണീച്ചർ വാങ്ങൽ SOO 79/18 | തനതു ഫണ്ട്- ചെക്ക് നമ്പർ- 2273521/9.8.17 -316250 | ലഭ്യമല്ല | ചെലവു രേഖകൾ |

രേഖകൾ ഹാജരാക്കുന്നതുവരെ 799207രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

## 3-5 കന്നുകുട്ടി പരിപാലന പദ്ധതി-പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

പ്രോജക്ട് നമ്പർ-SOO 121/18

നിർവഹണ ഉദ്യോഗസ്ഥൻ-വെറ്ററിനറി സർജ്ജൻ

തനതു ഫണ്ട്-ചെക്ക് നമ്പർ-2273559/ 22.2.18-125000 രൂപ

2273557 /22.2.18-187500 രൂപ

കന്നുകുട്ടി പരിപാലനപദ്ധതി നടപ്പാക്കുന്നതിനു വേണ്ടി 312500 രൂപ എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടർക്ക നൽകിയിട്ടുണ്ട് (രസീതി നമ്പർ- 7432477/23.2.18). 3/2018 ൽ പദ്ധതി ആരംഭിച്ചിട്ടുണ്ട്. പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. കൂടാതെ എം.പി.തോമസ്, മുരിയാടൻ ഹൗസ്, പേരാമംഗലം എന്നയാൾ കന്നുകുട്ടി മരിച്ചതിനാൽ പദ്ധതി അവസാനിപ്പിച്ചിട്ടുണ്ട്. ആയതിനാൽ പദ്ധതി അവസാനിക്കുമ്പോൾ ടിയാൾക്ക് നൽകേണ്ട സബ്സിഡിയിനത്തിൽ ബാക്കിവരുന്ന തുക അടുത്ത വർഷത്തെ പദ്ധതിയിൽ ക്രമീകരിക്കേണ്ടതാണ്.

## 3-6 മരാമത്തു പ്രവൃത്തികൾ ഒരു അവലോകനം

2017-18 വർഷത്തിൽ അംഗീകാരം ലഭിച്ച 73 പ്രോജക്ടുകൾക്കായി 20986835 രൂപയാണ് വകയിരുത്തിയിരുന്നത്. ഇതിൽ 42-പ്രോജക്ടു മാത്രമാണ് നടപ്പാക്കിയത്. ഇതിനായി ചെലവഴിച്ചതാവട്ടെ 10982499 രൂപയും. വകയിരുത്തിയ തുകയുടെ 52.33 ശതമാനം തുക മാത്രമേ ചെലവഴിക്കാനായിട്ടുള്ളൂ. 10004336 രൂപ ലാപ്സായി. പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കാമായിരുന്ന തുകയാണ് ഇത്തരത്തിൽ ലാപ്സായി പോയത്. പദ്ധതി ആസൂത്രണം നടത്തുമ്പോൾ സൂക്ഷ്മത പുലർത്തേണ്ടതും ലഭ്യമായ ഫണ്ട് പൂർണ്ണമായും പഞ്ചായത്തിന്റെ വികസന പ്രവൃത്തികൾക്കായി വിനിയോഗിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 3-7 വീട് വാസയോഗ്യമാക്കൽ പദ്ധതി- എസ്റ്റിമേറ്റും വാല്യുവേഷനും തമ്മിൽ പൊരുത്തക്കേടില്ലാതിരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥ : വി.ഇ.ഒ, പുഴക്കൽ സർക്കിൾ

പദ്ധതി നമ്പർ : S0028/18

പദ്ധതിയുടെ പേര് : വീട് വാസയോഗ്യമാക്കൽ (എസ്.സി)

അടങ്കൽ : 45,00,000/-

സ.ഉ.(എം.എസ്) നമ്പർ 80/2017/തസ്വഭവ തി. 03.04.17 ഖ. 8.6.2 പ്രകാരം വീട് വാസയോഗ്യമാക്കൽ പദ്ധതിയിൽ വീട് വാസയോഗ്യമാക്കുന്നതിനുള്ള എസ്റ്റിമേറ്റ് ഉടമസ്ഥൻ തയ്യാറാക്കുകയും എൽ.എസ്.ജി.ഡി എഞ്ചിനീയർ പരിശോധിച്ച് സബ്സിഡി നിരക്ക് നിശ്ചയിക്കേണ്ടതുമാണ്. ഇപ്രകാരം നിശ്ചയിച്ച തുകയേക്കാൾ കൂടിയ തുക താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് വാല്യുവേഷൻ പ്രകാരം അനുവദിച്ചതായി കാണുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | എൽ.എസ്.ജി.ഡി എഞ്ചിനീയർ നിശ്ചയിച്ച എസ്റ്റിമേറ്റ് നിരക്ക് | എൽ.എസ്.ജി.ഡി എഞ്ചിനീയർ വാല്യുവേഷൻ പ്രകാരം അനുവദിച്ച തുക |
|---|---|---|---|
| 1 | രാമകൃഷ്ണൻ പച്ചാംപുള്ളി വീട് | 65826/- | 1,00,000/- |
| 2 | സുഭദ്ര ചിരുകണ്ടത്ത് പണിയിൽ വീട് | 65449/- | 1,00,000/- |

| | | | |
|---|---|---|---|
| 3 | സ്വാമിനാഥൻ തടത്തിൽ വീട് | 77915/- | 1,00,000/- |
| 4 | ഉണ്ണികൃഷ്ണൻ തയ്യൂർ വീട് | 77237/- | 1,00,000/- |
| 5 | പുഷ്പാകരൻ പുതുശ്ശേരി വീട് | 61123/- | 1,00,000/- |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6/15.10.18) മറുപടി നൽകിയിട്ടുണ്ട്. മേൽ നമ്പർ പ്രൊജക്ട് ഭേദഗതി ചെയ്ത് ഓരോ ഗുണഭോക്താവിനുമുള്ള ആനുകൂല്യം 1,00,000/- രൂപയായി വർദ്ധിപ്പിച്ചെങ്കിലും (വർദ്ധനവിനുമുൻപ് 55,000/-) ആയതിനനുസൃതമായി ചില ഗുണഭോക്താക്കളുടെ എസ്റ്റിമേറ്റ് പരിഷ്കരിക്കുന്നതിൽ വന്ന വീഴ്ചയാണിതെന്നാണ് വിശദീകരണം നൽകിയിട്ടുള്ളത്. ആയതിനാൽ, വീട് വാസയോഗ്യമാക്കൽ പദ്ധതി നടപ്പിലാക്കുമ്പോൾ എസ്റ്റിമേറ്റും വാല്യുവേഷനും തമ്മിൽ വൈരുദ്ധ്യമില്ലാതിരിക്കുന്നതിനും പദ്ധതി ഭേദഗതി ചെയ്യുമ്പോൾ മാറ്റങ്ങൾക്കനുസരിച്ചുള്ള രേഖകൾ കൃത്യതയോടെ സൂക്ഷിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 3-8 വയോജനക്ഷേമപദ്ധതികൾ - പദ്ധതിമാർഗ്ഗരേഖാനുസരണം നടപ്പിലാക്കേണ്ടതാണ്.

പദ്ധതി നമ്പർ : S0127/18

പദ്ധതിയുടെ പേര് : വൃദ്ധജനപരിപാലനം

അടങ്കൽ : 6,60,000/- (വികസനഫണ്ട് പൊതുവിഭാഗം)

ചെലവ് : 6,60,000/-

ട്രഷറി ബിൽ : 6/17-18 തി. 11.01.18, 4,00,000/-

ട്രഷറി ബിൽ : 12/17-18 തി. 22.02.18, 2,60,000/-

എ) 60 വയസ്സിനുമേൽ പ്രായമുള്ള ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്ക് സൗജന്യമായി മരുന്ന് നൽകുക എന്നതാണ് മേൽ പദ്ധതിയുടെ ലക്ഷ്യം. സുലേഖയിൽ നിന്നും ലഭ്യമായ മേഖലാതല ചെലവുപത്രിക പ്രകാരം (special planwise expenditure report) ഈ പദ്ധതി വൃദ്ധർക്കുള്ള ക്ഷേമപദ്ധതിയായാണ് വിഭാവനം ചെയ്യപ്പെട്ടിട്ടുള്ളത്. കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ നിന്നും മരുന്ന് വാങ്ങുന്നതിനായി 6,60,000/- രൂപ ചിലവഴിച്ചിട്ടുണ്ട്. സ.ഉ. (എം.എസ്) നമ്പർ 72/2017/തസ്വഭവ തി. 29.03.17 ഖ. 13.5 "വയോജനങ്ങളുടെ ക്ഷേമവും പാലിയേറ്റീവ് കെയർ സംവിധാനവും" ക്രമനമ്പർ 9 പ്രകാരം കിടപ്പുരോഗികൾക്ക് മരുന്ന് വിതരണം നടത്താമെങ്കിലും വൃദ്ധർക്ക് മരുന്ന് വാങ്ങി നൽകുന്നതിന് വ്യവസ്ഥയുള്ളതായി കാണുന്നില്ല. സ.ഉ.(എം.എസ്)നം. 80/2017/തസ്വഭവ തി. 03.04.17, ഖ. 12.4 പ്രകാരവും ആശ്രയ ഗുണഭോക്താക്കൾക്കൊഴികെ മരുന്ന് വാങ്ങി നൽകുന്നതിന് അനുമതിയില്ല. ഇക്കാര്യം സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നമ്പർ 5/15.10.2018 നൽകിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല. പദ്ധതി രൂപീകരണവും നിർവ്വഹണവും മാർഗ്ഗരേഖാനിർദ്ദേശങ്ങൾക്കനുസൃതമാവാൻ ശ്രദ്ധിക്കേണ്ടതാണ്.

ബി) കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി സർവീസസിൽ നിന്നും നാളിതുവരെ ആകെ 2,23,361 രൂപയുടെ മരുന്ന് മാത്രമെ ലഭിച്ചിട്ടുള്ളു. 436639/- രൂപക്കുള്ള മരുന്നുകൾ ലഭ്യമാവാനുണ്ട്. മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 ഭവനനിർമ്മാണപദ്ധതികൾ പ്രകാരമുള്ള

## നിർമ്മാണ/പൂർത്തീകരണപദ്ധതികളിലും പഞ്ചായത്ത് ബിൽഡിംഗ് റൂൾസ് പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥ : വി.ഇ.ഒ, പുഴക്കൽ സർക്കിൾ

പദ്ധതി നമ്പർ : S0018/18

പദ്ധതിയുടെ പേര് : പൂർത്തിയാകാത്ത വീടുകളുടെ പൂർത്തീകരണം

അടങ്കൽ : 5,00,000/-

മേൽ വിശദാംശങ്ങളോടുകൂടിയ പദ്ധതിയിൽ (ലൈഫ് മിഷൻ) 2 ഗുണഭോക്താക്കൾക്ക് (ശ്രീമതി.അംബിക പി.കെ, പുത്തൻപുരയിൽ, ശ്രീമതി. തങ്ക, കുറൂർമനക്കൽ വീട്) 2,50,000/- രൂപ വീതം ഭവനപൂർത്തീകരണത്തിനായി നൽകിയിട്ടുണ്ട്. 2009-10 കാലയളവിൽ എം.എൻ.ലക്ഷംവീട് പദ്ധതിയിലാണ് മേൽ ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണത്തിന് 37,500/- രൂപ (അർഹതപ്പെട്ട ധനസഹായം 1,00,000/-) വീതം നൽകിയിരുന്നത്. 2011ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ് നിലവിൽ വന്നതിന് ശേഷം, റൂൾ 4(2) പ്രകാരം ഏതൊരാളും ഒരു കെട്ടിടം നിർമ്മിക്കുന്നതിനോ, പുനർനിർമ്മിക്കുന്നതിനോ, മാറ്റങ്ങൾ വരുത്തുന്നതിനോ മുൻപ് സെക്രട്ടറിയിൽനിന്നും കെട്ടിടനിർമ്മാണപെർമ്മിറ്റ് നേടിയിരിക്കേണ്ടതാണ്. റൂൾ 10 പ്രകാരം 100 ച.മീറ്ററിൽ താഴെ വിസ്തീർണ്ണമുള്ള ഭവനങ്ങളുടെ ഉടമസ്ഥർ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് പത്തുദിവസങ്ങൾക്ക് മുൻപ് അക്കാര്യം ആവശ്യമായ വിശദാംശങ്ങളേട്ടുകൂടി സെക്രട്ടറിയെ അറിയിക്കേണ്ടതുണ്ട്. എന്നാൽ, മേൽപറഞ്ഞ ഗുണഭോക്താക്കൾ അപ്രകാരം ചെയ്തതായി കാണുന്നില്ല. പഞ്ചായത്തിലെ എല്ലാ നിർമ്മാണ / പുനർനിർമ്മാണപ്രവർത്തനങ്ങളും ബിൽഡിംഗ് റൂൾസിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കേണ്ടതാണ്. ഭവനനിർമ്മാണപദ്ധതികളിലെ ഗുണഭോക്താക്കളുടെ ഭവനങ്ങളും ബിൽഡിംഗ് റൂൾസ് പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-10 സിഡ്കോയിൽ നിന്നും അനുവദനീയമല്ലാത്ത ഫർണ്ണിച്ചർ ടെണ്ടർ നടപടികൾ കൂടാതെ വാങ്ങി

പദ്ധതി നമ്പർ : S0132/18

പദ്ധതിയുടെ പേര് : അടാട്ട് പി.എച്ച്.സി യിലേക്ക് അനുബന്ധഉപകരണങ്ങളും ഫർണ്ണിച്ചറും വാങ്ങൽ

അടങ്കൽ : 1,25,000/- (മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം))

ചെലവ് : 74,929/-

ട്രഷറി ബിൽ : 8/17-18 dt.12.01.18

മേൽ പദ്ധതിയിൽ അടാട്ട് പി.എച്ച്.സി യിലേക്ക് സ്റ്റീൽ കാബിനറ്റ് (1 എണ്ണം, വില- 9399 + 18% GST), പ്ലാസ്റ്റിക് മോൾഡഡ് ചെയർ (നീൽകമൽ, 100 എണ്ണം, വില ഒന്നിന് 541 + 18% GST)എന്നിവ വാങ്ങിയിട്ടുണ്ട് (Inv.no SMC OLR/17-18/T1/128 dt. 15.11.2017). ആയതിന് ടെണ്ടർ ക്ഷണിച്ചിട്ടുള്ളതായി കാണുന്നില്ല. സർക്കാർ ഉത്തരവ് (സാധാ)നം. 2638/17/തസ്വഭവ തി. 29.07.17, വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 12.07.17 ലെ 3.38 നമ്പർ തീരുമാനം എന്നിവ പ്രകാരം സിഡ്കോ ഉല്പാദിപ്പിക്കുന്ന സാധനങ്ങളാണ് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് നേരിട്ട് വാങ്ങാവുന്നത്. നീൽകമൽ ബ്രാൻഡ് പ്ലാസ്റ്റിക് കസേരകൾ സിഡ്കോ ഉല്പാദിപ്പിക്കുന്നതല്ല. ആയതിനാൽ, നേരിട്ട് വാങ്ങിയ നടപടി ശരിയല്ല. ഈ വിഷയം സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നമ്പർ 5/15.10.2018 നൽകിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല. ആയതിനാൽ 63838/- രൂപയുടെ (74929-(9399+ 1692)) ചെലവ് തടസ്സപ്പെടുത്തുന്നു.

## **3-11** പെയിൻ & പാലിയേറ്റിവ് പദ്ധതി- മരുന്നുകൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്

പദ്ധതി നമ്പർ : S0126/18

പദ്ധതിയുടെ പേര് : പെയിൻ ആന്റ് പാലിയേറ്റിവ് പദ്ധതി

അടങ്കൽ : 4,00,000/-

ചെലവ് : 388400/-

മേൽ പദ്ധതിയിൽ കേരള മെഡിക്കൽ സർവീസസ് കോർപറേഷനിൽ നിന്നും മരുന്ന് വാങ്ങുന്നതിനായി പ്രൊഫോമ ഇൻവോയ്സ് PRF2125 തി. 14.11.2017 പ്രകാരം 1,15,600/- രൂപ (ട്രഷറി ബിൽ : 7/17-18 dt.11.01.18) പിൻവലിച്ച് ടി സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. നാളിതുവരെയും മരുന്നുകൾ ലഭ്യമായതായി കാണുന്നില്ല. മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## **3-12** സാംസ്കാരിക നിലയങ്ങളിലേയ്ക്ക് കസേരകൾ - മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി സമാന പ്രവർത്തികൾ വിവിധ മൂന്ന് പ്രോജക്ടുകളായി വിഭജിച്ച് നടപ്പിലാക്കി.

അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കിയ പ്രോജക്ടുകളിൽ, ഗ്രാമപഞ്ചായത്തിലെ മൂന്ന് സാംസ്കാരിക നിലയങ്ങളിലേയ്ക്ക് കസേരകൾ വാങ്ങിയ പ്രവർത്തിയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു

| ക്രമ നം | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | വിതരണക്കാരന്റെ പേരുവിവരം | ചെലവഴിച്ചതുക | | |
|---|---|---|---|---|---|---|
| | | | | ട്രഷറി ബിൽ | തനത് ഫണ്ട് ചെക്ക് നമ്പർ | ആകെ തുക (₹) |
| 1 | 111/2018 | ഉടലക്കാവ് സാംസ്കാരിക നിലയത്തിലേയ്ക്ക് കസേരകൾ വാങ്ങൽ | ഫൗസിയ ഗ്രൂപ്പ്, OPP. PCC ബിൽഡിംഗ്, ബൈപാസ് ജംഗ്ഷൻ, കൊണ്ടോട്ടി, മലപ്പുറം-673638 | 2/2017-18 06-01-18 ₹50,000 | ചെക്ക് നമ്പർ: 2273543/02-02-18 വൗച്ചർ നമ്പർ: 21701364 ₹6,500/- | 56,500 |
| | 113/2018 | പാരിക്കാട് വിവേകാനന്ദ സാംസ്കാരിക നിലയത്തിലേയ്ക്ക് കസേരകൾ വാങ്ങൽ | -do- | 4/2017-18 06-01-18 ₹50,000 | ചെക്ക് നമ്പർ: 2273543/02-02-18 വൗച്ചർ നമ്പർ: 21701365 ₹6,500/- | 56,500 |
| | 114/2018 | ആമ്പക്കാട് രാജീവ്ഗാന്ധി സാംസ്കാരിക നിലയത്തിലേയ്ക്ക് കസേരകൾ വാങ്ങൽ | -do- | 3/2017-18 06-01-18 ₹50,000 | ചെക്ക് നമ്പർ: 2273543/02-02-18 വൗച്ചർ നമ്പർ: 21701366 ₹6,500/- | 56,500 |
| ആകെ | | | | | | 169500 |

മേൽ പട്ടികപ്പെടുത്തിയ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ മൂന്ന് സാംസ്കാരിക നിലയങ്ങളിലേയ്ക്ക് മൊത്തം ₹169500/- ചെലവഴിച്ച് CHR-2036 നമ്പർ നീൽകമൽ പ്ലാസ്റ്റിക് കസേര 300 എണ്ണം വാങ്ങുന്ന പ്രവർത്തിയാണ് നിർവ്വഹിച്ചിരിക്കുന്നത്. ഒരേ ഉദ്ദേശ്യത്തോടെയും, പ്രയോജനത്തോടെയുമുള്ള വാങ്ങൽ

പ്രവർത്തി മൂന്ന് വിവിധ ഭാഗങ്ങളാക്കി നിർവ്വഹിച്ചിരിക്കുന്നത്, 2017-18 വാർഷിക പദ്ധതി തയ്യാറാക്കൽ മാർഗ്ഗ രേഖ ജി.ഒ(എം.എസ്)നം.72/2017/ത.സ്വ.ഭ.വ തിയ്യതി:29-03-2017 ഖണ്ഡിക നമ്പർ:6.6 (4), 6.7(1) എന്നിവയിലെ മാർഗ്ഗ നിർദ്ദേശങ്ങൾക്കും, 2013 ലെ കേരള സ്റ്റോർ പർച്ചേസ് ആക്റ്റ് (G.O(P)03/2013/SPD തിയ്യതി:21-06-2013) അദ്ധ്യായം:7 ഖണ്ഡിക 2 യിലെയും നിർദ്ദേശങ്ങൾക്കും വിരുദ്ധമായിട്ടാണ്. മേൽ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പദ്ധതി നടപ്പിലാക്കിയതിന്റെ കാരണം അറിയിക്കാൻ 16-10-2018 ൽ 11-ാം നമ്പർ എൻക്വയറി മുഖേന ഗ്രാമപഞ്ചായത്തിനോട് ആവശ്യപ്പെട്ടിരുന്നു എന്നാൽ ഈകാര്യത്തിൽ യാതൊരു മറുപടിയും നല്കുകയുണ്ടായില്ല.

മൂന്ന് പദ്ധതിയ്ക്കായും 15-09-2017 ന് ടെണ്ടർ ക്ഷണിക്കുകയും, ടെണ്ടറിന് മേൽ പട്ടികയിൽ പറഞ്ഞ വിതരണക്കാർ , ഫൗസിയ ഗ്രൂപ്പ്, OPP. PCC ബിൽഡിംഗ്, ബൈപാസ് ജംങ്ങ്ഷൻ, കൊണ്ടോട്ടി, മലപ്പുറം-673638 എന്ന സ്ഥപനം മാത്രം മൂന്ന് പ്രോജക്റ്റിനും, ടെണ്ടർ സമർപ്പിക്കുകയുമുണ്ടായി. 03-10-2017ന് സമർപ്പിച്ചിരുന്ന ഈ ടെണ്ടറിൽ മേൽ സ്ഥാപനം CHR-2036 നമ്പർ നീൽകമൽ പ്ലാസിറ്റിക് കസേരയ്ക്ക് ₹558/-യാണ് 'ക്വാട്ട്' ചെയ്തിരുന്നത്. ഒറ്റ 'ബിഡ്' മാത്രം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 30-10-17 ൽ റീ-ടെണ്ടർ നടപടി സ്വീകരിക്കുകയും ഇത്തവണയും മേൽ പറഞ്ഞ സ്ഥാപനത്തിന്റെ ഒറ്റ ടെണ്ടർ മാത്രം ലഭിക്കുകയും ചെയ്തു. എന്നാൽ രണ്ടാമത്തെ ടെണ്ടറിൽ സ്ഥാപനം CHR-2036 നമ്പർ നീൽകമൽ പ്ലാസിറ്റിക് കസേരയ്ക്ക് ₹591/-യാണ് 'ക്വാട്ട്' ചെയ്തിരുന്നത്. വിതരണക്കാരനുമായി 'നെഗോഷ്യേറ്റ്' ചെയ്തുകൊണ്ട് 23-11-17ലെ 1/8 നമ്പർ തീരുമാന പ്രകാരം ₹565/-യ്ക്ക് കസേര വിതരണം ചെയ്യുന്നതിന് ഉത്തരവുനല്കുകയുമുണ്ടായി. പ്രോജക്റ്റ് വിഭജിച്ച് നിർവ്വഹിച്ചതുമൂലം കൂടിയ അളവിൽ വാങ്ങൽ നടത്തുമ്പോൾ ലഭ്യമാകേണ്ടിയിരുന്ന ആനുകൂല്യം നഷ്ടപ്പെടുത്തുകയാണുണ്ടായത്. കൂടുതൽ അളവിൽ വാങ്ങാൻ ടെണ്ടർ ചെയ്തിരുന്നെങ്കിൽ കൂടുതൽ വിതരണക്കാർ ടെണ്ടർ നടപടിയിൽ പങ്കെടുക്കുന്ന സാഹചര്യവും ഉണ്ടാകുമായിരുന്നു.ആയതിനാൽ പ്രോജക്റ്റുകൾ വിഭജിച്ച് ചെയ്തത് ഗ്രാമപഞ്ചായത്തിന്റെ താല്പര്യത്തിന് വിരുദ്ധമായി ഭവിക്കുകയാണ് ഉണ്ടായത്. കസേരകൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകളും പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ലാത്തതാണ്. ഈ വസ്തുതകളുടെ അടിസ്ഥാനത്തിൽ ഈ പ്രോജക്റ്റുകളിലായി ചെലവുചെയ്ത ₹169500/- ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

## 3-13 പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കൂൾ ബാഗ് വാങ്ങിനൽകൽ - ഗുണഭോക്താക്കളുടെ പേരുവിവരം ലഭ്യമാക്കിയിട്ടില്ല

പ്രോജക്റ്റ് നമ്പർ: 108/2018 പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കൂൾ ബാഗ് വാങ്ങി നല്കൽ

ബിൽ നമ്പർ:10/2017-18 തിയ്യതി:19-03-2018 തുക ₹1900/-

അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കിയ പദ്ധതി പ്രകാരം സെന്റ് മേരീസ് എച്ച്.എഫ്.യു.പി. സ്കൂൾ, ആമ്പക്കാട്, അടാട്ട് എന്ന സ്കൂളിലെ വിദ്ധ്യാർത്ഥികൾക്കാണ് ആനുകൂല്യം വിതരണം ചെയ്തിട്ടുള്ളത്. പദ്ധതി പ്രകാരം വാങ്ങിയ ഉപകരണങ്ങൾ കൈപ്പറ്റിയതായി സ്കൂൾ അധികൃതരുടെ രശീതിയുണ്ടെങ്കിലും, ഏത് വിദ്യാർത്ഥിയാണ് ഉപകരണങ്ങൾ കൈപ്പറ്റിയതെന്ന് കാണിച്ചിട്ടില്ല. ഗുണഭോക്താവിന്റെ പേരുവിവരം അറിയിക്കാൻ 16-10-2018 ൽ 11-ാം നമ്പർ എൻക്വയറി മുഖേന ഗ്രാമപഞ്ചായത്തിനോട് ആവശ്യപ്പെട്ടിരുന്നു, എന്നാൽ ഈകാര്യത്തിൽ യാതൊരു മറുപടിയും നല്കുകയുണ്ടായില്ല. രേഖകളുടെ അഭാവത്തിൽ ഈ ഇനത്തില് ചെലവുചെയ്ത ₹1900/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-14 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്-ടോപ്പ് വാങ്ങിനല്കൽ വിദ്യാർത്ഥികളുടെ ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല

പ്രോജക്റ്റ് നമ്പർ 1118/2018പ്രൊഫഷണൽ കോഴ്സ്, പി.ജി. കോഴ്സ് എന്നിവയ്ക്ക് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്-ടോപ്പ് വാങ്ങിനല്കൽ

ട്രഷറി ബിൽ നമ്പർ:01/2017-18 തിയ്യതി:08-01-2018 തുക ₹213191/-

തനത് ഫണ്ട്:70,099

അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കിയ പദ്ധതി പ്രകാരം, ലാപ്ടോപ്പ് ഒന്നിന് ₹28,329/-നിരക്കിൽ പത്ത് ലാപ്-ടോപ്പുകളാണ് വാങ്ങി നല്കിയിരിക്കുന്നത്. എന്നാൽ പ്രോജക്ടിലെ ഗുണഭോക്താക്കളായ മുള്ളൂർക്കര മഹാജൂബിലി ബി.എഡ്. ട്രയിനിംഗ് കോളേജ് വിദ്യാർത്ഥി പുറനാട്ടുക്കര വടക്കുമുറി വീട്ടിൽ സുരേന്ദ്രൻ മകൾ സൂര്യാ.വി.എസ്., സെന്റ് തോമാസ് കോളേജ് തൃശ്ശൂർ എം.എ. ഇംഗ്ലീഷ് വിദ്യാർത്ഥി, ചൂരക്കാട്ടുകര മൂല്ലയക്കൽ എം.എസ്. ചന്ദ്രൻ മകൻ നവീൻ.എം.സി., സ്വാതികൃഷ്ണ എന്നിവരുടെ ജാതി സർട്ടിഫിക്കറ്റ്, അപേക്ഷയോടൊപ്പം ഫയലിൽ സൂക്ഷിച്ചിട്ടില്ലാത്തതാണ്. ഗുണഭോക്താവിന്റെ ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കാൻ 16-10-2018 ൽ 11-ാം നമ്പർ എൻക്വയറി മുഖേന ഗ്രാമപഞ്ചായത്തിനോട് ആവശ്യപ്പെട്ടിരുന്നു എന്നാൽ ഈകാര്യത്തിൽ യാതൊരു മറുപടിയും നല്കുകയുണ്ടായില്ല. രേഖകളുടെ അഭാവത്തിൽ ഈ ഇനത്തിൽ ചെലവുചെയ്ത ₹56,658/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 200000 | 106/17-സാന്ത്വനം സ്കോളർഷിപ്പ് | 200000 | 0 |
| | | 300000 | 69/17-ക്ഷീരകർഷകർക്ക് സബ്സിഡി | 281265 | 18735 |
| | | 675000 | 39/17-സമഗ്രനെൽകൃഷി വികസനം | 675000 | 0 |
| | | 300000 | 18/17-പൂർത്തിയാകാത്ത വീടുകളുടെ പൂർത്തീകരണം | 300000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 474200 | 98/17-ഉടലക്കാവ് പകൽ വീട് മെയിൻറനൻസ് | 455209 | 18991 |
| | | 100000 | 45/18-കിണർ നവീകരണം | 100000 | 0 |
| | | 150000 | 69/17-ക്ഷീരകർഷകർക്ക് സബ്സിഡി | 150000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയതിന്റെ വിവരങ്ങൾ. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തികരിച്ച വിവരം | ചെല വഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 140/17- laying pipeline near Pranayoga centre | 21701681/ 25.07.17 | 277000 | - | - യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല | 277000 |
| | 207/17-Repairing pipelines in various wards | 21701807/ 22.03.18 | 212285 | | യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല | 212285 |
| | 198/17-Laying pipeline to Udalakkavu Ayurveda dispensary | 2273579/ 28.03.18 | 21000 | | യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല | 21000 |
| | 201/17-Laying pipeline towards Chettikkunnu Samskarikanilayam | 2273579/ 28.03.18 | 40000 | | യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല | 40000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 600 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 600 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 600 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ<br>പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2014-15 | 2(1)-1 | 6250.00 | ജിനി.ടി.വി-ടീച്ചർ-എസ്.എസ്.ജി.എച്ച്.എസ്, പുറനാട്ടുകര | 117080106923/29.11.17 |
| 2014-15 | 2(1)-1 | 6250.00 | ഹേമ.പി.എസ്-ടീച്ചർ-എസ്.എസ്.ജി.എച്ച്.എസ്, പുറനാട്ടുകര | 117080106924/29.11.17 |
| 2014-15 | 2(1)-1 | 6250.00 | ജിൽസി.എ-ടീച്ചർ-എസ്.എസ്.ജി.എച്ച്.എസ്, പുറനാട്ടുകര | 117080106922/29.11.17 |
| 2014-15 | 2(1)-1 | 6250.00 | സുമ.എം-ടീച്ചർ-എസ്.എസ്.ജി.എച്ച്.എസ്, പുറനാട്ടുകര | 117080106925/29.11.17 |
| 2015-16 | 2.2 | 300.00 | എം.ഡി, അടാട്ട് ഫാർമേഴ്സ് ബാങ്ക് | 117080107607/16.12.2017 |
| 2015-16 | 2.2 | 100.00 | പുഴക്കൽ മിൽക്ക് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 117080107459/14.12.17 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമായത് താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2(1)-1 | 2016-17 | 2.1 | അദ്ധ്യാപകരുടെ തൊഴിൽനികുതി നിയമന അംഗീകാരം ലഭിക്കാത്തതിനാൽ ഈടാക്കിയിട്ടില്ല | തൊഴിൽ നികുതി 2017-18 വർഷം ഈടാക്കിയിട്ടുള്ളതാണ്. |
| 2014-15 | 2(1)-2 | 2016-17 | 2.1 | സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല 1.ബി.എസ്.എൻ.എൽ | 1.ബി.എസ്.എൻ.എല്ലിന് കത്ത് നൽകിയിട്ടുണ്ട് 2.വാട്ടർ അതോറിറ്റിയുടെ ഓഫീസ് പഞ്ചായത്തിൽ |

| | | | | | |
|---|---|---|---|---|---|
| | | | | 2.കേരള വാട്ടർ അതോറിറ്റി 3.ഫയർബോൾ സർവ്വീസസ് 4. വിലങ്ങൻ പവർലൂം ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി | ഇല്ല.ഒരു ചെറിയ പമ്പ് ഹൗസ് മാത്രമാണ് പഞ്ചായത്തിൽ ഉള്ളത് എന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈ ഓഫീസിൽ അടവാക്കുന്നുണ്ടെന്നും മറ്റ് എസ്റ്റാബ്ളിഷ്മെൻറ് കാര്യങ്ങൾ തൃശ്ശൂർ ഓഫീസിലാണ് ചെയ്തു വരുന്നതെന്നും കേരള വാട്ടർ അതോറിറ്റിയിൽ നിന്നും അറിയിച്ചിരിക്കുന്നു. 3.മറ്റ് സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയിട്ടുണ്ട്.ബി2-8134/15 തീ 01.08.18) |
| 2014-15 | 2(1)-3 | 2016-17 | 2.1 | ക്വാളിറ്റി കണ്ടെയ്നേഴ്സ് രണ്ടാം അർദ്ധ വർഷം ജീവനക്കാരുടെ തൊഴിൽ നികുതിയും സ്ഥാപന തൊഴിൽ നികുതിയും അടവാക്കിയിട്ടില്ല | തൊഴിൽ നികുതി അടക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. (ബി2-8134/15 തീ01.08.18) |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ലഭ്യമല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 67903073 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 59739193 |
| വരവിനങ്ങളിലുള്ള നഷ്ടം | 108242 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 20,72,825 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നത് | സർചാർജ് ചെയ്യാവുന്നത് | |
| 2-2 | 49872 | - | ലിൻസ് ഡേവിഡ്.വി, സെക്രട്ടറി |
| 2-8 | 8425 | - | ശ്രീമതിപങ്കജം.എ.എം, സെക്രട്ടറി |
| | 49945 | - | ലിൻസ് ഡേവിഡ്.വി, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 597000 | ലിൻസ് ഡേവിസ്.വി, സെക്രട്ടറി |
| | 356285 | പങ്കജം .എ.എം., സെക്രട്ടറി |
| 3-3 | 28437 | ലിൻസ് ഡേവിസ്.വി, സെക്രട്ടറി |
| 3-4 | 400835 | ലിൻസ് ഡേവിസ്.വി, സെക്രട്ടറി |
| | 398372 | പങ്കജം .എ.എം., സെക്രട്ടറി |
| 3-10 | 63838 | സൈമൺ ടി ചുങ്കത്ത്, മെഡിക്കൽ ഓഫീസർ പി.എച്ച്.സി |
| 3-12 | 169500 | മാറ്റ്ലി എം സി,അസിസ്റ്റന്റ് സെക്രട്ടറി |
| 3-13 | 1900 | മാറ്റ്ലി എം സി,അസിസ്റ്റന്റ് സെക്രട്ടറി |
| 3-14 | 56658 | മാറ്റ്ലി എം സി,അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 2072825 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ലിൻസ് ഡേവിഡ്.വി സെക്രട്ടറി | ജില്ലാ കോ-ഓർഡിനേറ്റർ, ലൈഫ് മിഷൻ, തൃശ്ശൂർ | വടക്കൂട്ട് ഞാറയിൽ ഹൗസ്, പറപ്പൂർ പി.ഒ, തൃശ്ശൂർ |
| ശ്രീമതി പങ്കജം.എ.എം, സെക്രട്ടറി | വിരമിച്ചു | ശ്രീവരം, പി.ഒ കണിമംഗലം, തൃശ്ശൂർ |

# 4-10 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|

| | |
|---|---|
| 1983-84 | എൽ.എഫ്.ടി.എസ്.2- 781/11 തീ.18.10.11/ 06.01.12 |
| 1984-85 | |
| 1985-86 | |
| 1986-87, 1987-88 | |
| 1990-91 | |
| 1991-92 | |
| 1992-93, 1993-94 | എൽ.എഫ്.ടി.എസ്.2-781/11<br>തീ.18/10/11/6.1.12 |
| 1994-95, 1995-96 | എൽ.എഫ്.ടി.എസ്.2- 781/11 തീ.18.10.11/ 6.1.12 |
| 1996-97&1997-98 | എൽ.എഫ്.ടി.21/1911/ 2000/18.05.2000 |
| 1998-99, 1999-2000, 2000-01 | എൽ.എഫ്.ടി.12/932/ 02/11.01.13 |
| 2001-02 | എൽ.എഫ്.ടി.12- 1583/03/ 26.02.02(പ്ലാൻ) |
| 2002-03 | എൽ.എഫ്.ടി.12-944/06/ 30.03.06 |
| 2003-04 | എൽ.എഫ്.ടി.12-156/06/ 14.08.06 |
| 2004-05 | എൽ.എഫ്.ടി.12-2853/06/ 05.12.07 |
| 2005-06 | എൽ.എഫ്.ടി.12-2000/08/ 08.03.10/16.4.10 |
| 2006-07 | എൽ.എഫ്.ടി.12-791/10/ 28.01.11 |
| 2007-08 | എൽ.എഫ്.ടി.12-803/10/ 28.01.11 |
| 2008-09 | എൽ.എഫ്.ടി.12-1776/10/ 20.04.11/02.09.11 |
| 2009-10 | എൽ.എഫ്.ടി.പി3-364/12/ 28.04.12 |
| 2010-11 | എൽ.എഫ്.ടി.പി3- 365/12/ 28.04.12/ 05.07.12 |
| 2011-12 | എൽ.എഫ്.ടി.പി3/692/13 01.08.13/05.10.13 |
| 2012-13 | എൽ.എഫ്.ടി.പി3/2146/ 13/02.04.2014 |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ (പി3) 1925/14/ 13.07.15 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ പി3/349/16, 14.03.2016 |

| | |
|---|---|
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ പി3/1929/16, 29.11.2016 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ പി3/1416/2017, 10-11-17/27-11-17 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം - 1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018-ലെ (സാധാ)1413/2018/ത.സ്വ.ഭ.വ., നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും അടാട്ട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ അടാട്ട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം-2

## ഓഡിറ്റ് സംക്ഷിപ്തം

| | | സംക്ഷിപ്തം(AuditedAbstract) |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ല ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ